www.societytodaynews.com

2024 NOVEMBER
18
MONDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ചരിത്രം കുറിച്ച് ഇന്ത്യ

# ദീർഘദൂര ഹൈപ്പർസോണിക് മിസൈൽ പരീക്ഷണം വിജയം

- ഇന്ത്യയുടെ ആദ്യ ദീർഘദൂര ഹൈപ്പർ സോണിക് മിസൈൽ
- ശബ്ദത്തേക്കാൾ അഞ്ചിരട്ടി വേഗത



**ന്യൂഡൽഹി:** മിസൈൽ സാങ്കേതിക വിദ്യയിൽ പുതു ചരിത്രം കുറിച്ച് ഇന്ത്യ. അപൂർവം രാജ്യങ്ങൾക്കു മാത്രം സ്വന്തമായുള്ള ദീർഘ ദൂര ഹൈപ്പർസോണിക് മിസൈൽ ഇന്ത്യ വിജയകരമായി പരീക്ഷിച്ചു. ഒഡീശയിലെ എപിജെ അബ്ദുൽകലാം ദ്വീപിൽ നടത്തിയ പരീക്ഷണം വിജയിച്ചതായും ഇതൊരു ചരിത്രമുഹൂർത്തമാണെന്നും പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. ഇന്ത്യയുടെ ആദ്യ ദീർഘദൂര ഹൈപ്പർ സോണിക് മിസൈൽ മിഷനാണിത്.

തദ്ദേശീയമായി ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ് ഓർഗനൈസേഷൻ (ഡിആർഡിഒ ) ആണ് മിസൈൽ വികസിപ്പിച്ചിച്ചെടുത്തത്.

1,500 കിലോമീറ്ററിൽ കൂടുതലുള്ള വിവിധ പേലോഡുകൾ വഹിക്കാൻ രൂപകൽപ്പന ചെയ്തിട്ടുള്ളതാണിത്. ഇവയ്ക്ക് ശബ്ദത്തേക്കാൾ അഞ്ചിരട്ടി വേഗത്തിൽ സഞ്ചരിക്കാൻ സാധിക്കും.

അതു കൊണ്ടു തന്നെ വ്യോമപ്രതിരോധ സംവിധാനങ്ങൾക്ക് ഇവയെ തടയാൻ സാധിക്കില്ല. സാധാരണ ആയുധങ്ങൾക്കൊപ്പം ആണവായുധങ്ങളും വഹിക്കാനും ശേഷിയുണ്ട്.

# പലിശ നിരക്ക് കുറയ്ക്കാൻ റിസർവ് ബാങ്കിനു മേൽ സമ്മർദം

**കൊച്ചി:** സാമ്പത്തിക മേഖലയിലെ തളർച്ച കണക്കിലെടുത്ത് അടിസ്ഥാന പലിശ നിരക്ക് കുറയ്ക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യക്കു മേൽ സമ്മർദമേറുന്നു. ഡിസംബർ ആദ്യവാരം നടക്കുന്ന റിസർവ് ബാങ്കിൻറെ അടുത്ത ധന നയ രൂപീകരണ യോഗത്തിലും പലിശ കുറയാൻ സാധ്യത മങ്ങിയതോടെ വ്യവസായ മേഖലയെ പിന്തുണച്ച് കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ രംഗത്തെത്തി.

സാമ്പത്തിക മേഖലയിലെ തളർച്ചയും ആഗോള ധന അനിശ്ചിതത്വങ്ങളും കണക്കിലെടുത്ത് റിസർവ് ബാങ്ക് അടിസ്ഥാന പലിശ നിരക്ക് കുറയ്ക്കണമെന്നാണ് ഗോയൽ അഭിപ്രായപ്പെടുന്നത്. എന്നാൽ, പലിശ നിരക്കിൻറെ കാര്യത്തിൽ വ്യക്തമായ മറുപടി നൽകാൻ റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് തയാറായിട്ടില്ല.

ധന നയ രൂപീകരണത്തിൽ ഭക്ഷ്യ വിലക്കയറ്റം മാത്രം പരിഗണിക്കരുതെന്ന നിലപാടാണ് പിയൂഷ് ഗോയലിനുള്ളത്. ഒക്റ്റോബറിൽ രാജ്യത്തെ ചില്ലറ വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം 6.21 ശതമാനത്തിലേക്ക് കുതിച്ചുയർന്നതോടെ ഡിസംബറിലെ ധന അവലോകന നയത്തിലും പലിശ നിരക്ക് കുറയ്ക്കാൻ റിസർവ് ബാങ്ക് തയാറാവില്ലെന്നാണ് ധനകാര്യ വിദഗ്ധർ ചൂണ്ടിക്കാണിച്ചിരുന്നത്. റിസർവ് ബാങ്ക് നിശ്ചയിച്ച നാല് ശതമാനത്തിനും ഏറെ ഉയരത്തിലാണ് നാണയപ്പെരുപ്പം നിലവിലുള്ളത്. ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റം അതിരൂക്ഷമായതിനാൽ മുഖ്യ പലിശ നിരക്കിൽ മാറ്റം വരുത്തിയാൽ വിപണിയിലെ പണലഭ്യത കൂടാനും നാണയപ്പെരുപ്പം ഉയരാനും ഇടയാകും.

കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങളാണ് പ്രധാനമായും ഭക്ഷ്യ വിപണിക്ക് വെല്ലുവിളി സൃഷ്ടിക്കുന്നത്. അതിനാൽ ഉപയോഗം കൂടാൻ ഇടയാക്കുന്ന നടപടികൾ സ്വീകരിക്കാൻ റിസർവ് ബാങ്കിന് ആശങ്കയുണ്ട്.

വ്യാവസായിക ഉത്പാദന സൂചിക പ്രതീക്ഷ വളർച്ച നേടാത്തതിനാൽ മാന്ദ്യ സാഹചര്യം ശക്തമാകുന്നുതും അമെരിക്ക, യൂറോപ്പ്, യുകെ എന്നിവിടങ്ങളിലെ കേന്ദ്ര ബാങ്കുകൾ രണ്ട് തവണ പലിശ കുറച്ചതും റിസർവ് ബാങ്ക് കണക്കിലെടുക്കണമെന്ന് ധനകാര്യ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ഡോളറിനെതിരേ രൂപയുടെ മൂല്യത്തകർച്ച പിടിച്ചുനിർത്താൻ കുറഞ്ഞ പലിശ സഹായകമാകുമെന്നും അവർ പറയുന്നു.

# വായു മലിനീകരണം: ഡൽഹിയിൽ സ്കൂളുകൾ ഓൺലൈൻ ക്ലാസുകളിലേക്ക് മാറാൻ നിർദേശം



**ന്യൂഡൽഹി:** വായു മലിനീകരണം ശക്തമായ തോതിലെത്തിയതിനു പിന്നാലെ ഡൽഹിയിലെ സ്കൂളുകൾക്ക് ഓൺലൈൻ ക്ലാസുകളിലേക്ക് മാറാൻ നിർദേശം നൽകി സർക്കാർ. 10, 12 ക്ലാസുകൾ ഒഴികെ മറ്റെല്ലാ വിദ്യാർഥികൾക്കും ഇനിയൊരു അറിയിപ്പുണ്ടാകുന്നതു വരെ ക്ലാസുകൾ ഓൺലൈനായി തുടരും.

വായു മലിനീകരണ തോത് വഷളായതിനെത്തുടർന്ന് ഗ്രേഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാൻ (ഗ്രാപ്) നാലാം ഘട്ടം അനുസരിച്ചുള്ള കടുത്ത നടപടികൾ തിങ്കളാഴ്ച മുതൽ നടപ്പിലാക്കുമെന്നും ഡൽഹി മുഖ്യമന്ത്രി അതിഷി അറിയിച്ചു. ഗ്രാപ് 4 അനുസരിച്ച് ട്രക്കുകൾ, പൊതു നിർമാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കും വിലക്കേർപ്പെടുത്തും. അവശ്യസാധനങ്ങൾ എത്തിക്കുന്ന ട്രക്കുകൾക്ക് മാത്രമാകും ഡൽഹിയിലേക്ക് പ്രവേശനം അനുവദിക്കുക.

ഡൽഹിയുടെ വായു ഗുണനിലവാര സൂചിക (എക്യുഐ) ഇന്നലെ വൈകിട്ട് ഏഴു മണിയോടെ ഗുരുതര നിലയായ 457 ൽ എത്തിയിരുന്നു. ഇതോടെയാണ് ഗ്രാപ് 4 നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചത്.



സൊസൈറ്റി ടുഡേ
SOCIETY TODAY

# അഴിമതിരഹിതവും കാര്യക്ഷമവുമായ ഭരണ സംവിധാനത്തിന് ലോകായുക്ത കരുത്ത് നൽകുന്നെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** അഴിമതിരഹിതവും കാര്യക്ഷമവുമായ ഭരണ സംവിധാനത്തിന് ലോകായുക്ത കരുത്ത് പകരുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭാ ബാങ്കറ്റ് ഹാളിൽ നടന്ന ലോകായുക്ത ദിനാചരണ ചടങ്ങ് വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വിജിലൻസ് സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും അഴിമതിക്കാർക്കെതിരായി വിട്ടുവീഴ്ചയില്ലാതെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ഗതിവേഗം നൽകാൻ ലോകായുക്തയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പ്രത്യേക ക്യാമ്പ് സിറ്റിംഗുകൾ നടത്തിക്കൊണ്ട് കാര്യക്ഷമമായി തന്നെ ലോകായുക്ത ഇടപെടുന്നുണ്ട്.

25 വർഷംമുമ്പ് കേരളത്തിൽ ലോകായുക്ത യാഥാർത്ഥ്യമാക്കിയത് അന്നത്തെ എൽ ഡി എഫ് സർക്കാരായിരുന്നു. കാൽനൂറ്റാണ്ടു കാലത്തെ പ്രവർത്തനഫലമായി പൊതുജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാൻ ലോകായുക്തയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കൂടുതൽ കരുത്തോടെ മുന്നോട്ടു പോകാൻ കഴിയുന്ന ചർച്ചകളാൽ സമ്പന്നമാകണം ദിനാചരണമെന്നു മുഖ്യമന്ത്രി പറഞ്ഞു. ലോകായുക്തയെ ശക്തിപ്പെടുത്തുന്ന ഇടപെടലുകളാണ് സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാവുന്നത്. ലോകായുക്തയുടെ നിർദ്ദേശങ്ങൾ 90 ദിവസത്തിനുള്ളിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നു. ലോകായുക്തയെ ശക്തിപ്പെടുത്താനായി ഉപലോകായുക്തകളെ നിയമിക്കുന്ന കാര്യത്തിലടക്കം അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ലോകായുക്തയിൽ ജനങ്ങൾക്കുള്ള വിശ്വാസത്തിന്റെ ഫലമായാണ് അവർ ലോകായുക്തയെ സമീപിക്കുന്നത്. ലോകായുക്തയിൽ ഫയൽ ചെയ്യപ്പെടുന്ന 97 ശതമാനം കേസുകളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ സമർപ്പിക്കുന്നതാണ്. പാവപ്പെട്ടവർക്കും സാധാരണക്കാർക്കും ഏറെ ആശ്വാസം പകരേണ്ട സംവിധാനമാണ് ലോകായുക്ത എന്നത് ഇതിൽ നിന്നും വ്യക്തമാണെന്നും അതിനുള്ള എല്ലാ പിന്തുണയും സർക്കാർ ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

'ജസ്റ്റിസ് ഡിലേയ്ഡ് ഈസ് ജസ്റ്റിസ് ഡിനൈഡ്' എന്നാണല്ലോ പറയുക. ഇന്ത്യയിലാകമാനമുള്ള കോടതികളിൽ 51 മില്യൺ കേസുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്. അവയിൽ രണ്ടു ലക്ഷത്തോളം കേസുകൾക്ക് 30 വർഷത്തിലേറെ പഴക്കമുണ്ട്. മതിയായ പ്രവർത്തന സംവിധാനങ്ങൾ ഇല്ലാത്തതുകൊണ്ടാണ് ഇതു സംഭവിക്കുന്നത് എന്നാണ് നീതിനിർവ്വഹണവുമായി ബന്ധപ്പെട്ടവർ വ്യക്തമാക്കുന്നത്.

കേസുകൾ ഫയൽ ചെയ്യുന്നവരിൽ ഭൂരിഭാഗം പേർക്കും കൃത്യസമയത്ത് നീതി കിട്ടുന്നില്ല എന്നത് പെൻഡൻസിയുമായി ബന്ധപ്പെട്ട കണക്കുകളിൽ നിന്നു വ്യക്തമാണ്. ഇതിനു പരിഹാരം കാണാൻ കഴിയുന്നത് എങ്ങനെയാണ് എന്നതിനെക്കുറിച്ച് ആത്മാർത്ഥമായി നാം ഓരോരുത്തരും ചിന്തിക്കേണ്ടതുണ്ട്. ലോകായുക്തയുമായി ബന്ധപ്പെട്ട കേസുകളിൽ കാലതാമസം ഉണ്ടാകുന്നില്ല എന്നുറപ്പുവരുത്താൻ ഈ ദിനാചരണവും അതുമായി ബന്ധപ്പെട്ട പരിപാടികളും ഉപകരിക്കണം. 1966 ലെ ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ രാജ്യത്ത് ലോകായുക്തകൾ രൂപീകരിക്കപ്പെടുന്നത്. അഴിമതി ഇല്ലാതാക്കുന്നതിനെക്കുറിച്ച് ആറു പതിറ്റാണ്ടോളം മുമ്പുതന്നെ നമ്മുടെ രാജ്യം ഗൗരവതരമായി ചിന്തിച്ചിട്ടുണ്ട്. പണം കൊടുത്ത് കാര്യം നടത്തിക്കുക എന്നതിനേക്കാൾ ഉപരിയായ പല മാനങ്ങളും ഇന്ന് അഴിമതിക്കു കൈവരികയുമാണ്. അഴിമതിയുമായി ബന്ധപ്പെട്ട അത്തരം പുതിയ പ്രവണതകളെ കൂടി തിരിച്ചറിഞ്ഞ് മുന്നോട്ടു പോകാൻ നമുക്കു കഴിയണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ദശാബ്ദങ്ങൾക്കു മുമ്പ് അഴിമതിയെക്കുറിച്ച് ഉണ്ടായ നിർവചനം ഇക്കാലത്തും പ്രസക്തമാണോ എന്നത് ചിന്തിക്കണം. മുൻകാലത്ത് ചിട്ടപ്പെടുത്തിയത് മാത്രമല്ല ഇന്ന് അഴിമതിയുടെ ഗണത്തിൽപ്പെടുന്നത് എന്നതിനാൽ പരിഷ്ക്കരണങ്ങൾ വേണ്ട മേഖലകളടക്കം കാലികപ്രസക്തവും ഫലപ്രദവുമായ നിർദ്ദേശങ്ങൾ കൂടി ലോകായുക്തയെ പോലെയുള്ള ഒരു സംവിധാനത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേരളത്തിലെ ലോകായുക്ത സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുമ്പോഴും അതിനെതിരെ ചില കാമ്പില്ലാത്ത വിമർശനങ്ങൾ ഉയർത്തപ്പെടുന്നത് കാണാം. രണ്ടു വർഷംമുമ്പ് ലോകായുക്ത നിയമ ഭേദഗതി ബിൽ സംസ്ഥാനം പാസ്സാക്കിയപ്പോഴും അത്തരത്തിലുള്ള ചർച്ചകൾ ഉയർന്നു വന്നിരുന്നു. ഭരണഘടനയുടെ 164ാം അനുച്ഛേദത്തിനു വിപരീതമായ ചില വ്യവസ്ഥകൾ ലോകായുക്ത നിയമത്തിൽ ഉണ്ടായിരുന്നതു കൊണ്ടാണ് അന്ന് നാം ആ ഭേദഗതിക്ക് മുതിർന്നത്. കേരളം അത്തരത്തിൽ ഭേദഗതി വരുത്തിയ ആദ്യത്തെ സംസ്ഥാനമായിരുന്നില്ല. എന്നാൽ ഇതിനെ ഉയർത്തിക്കാട്ടി ലോകായുക്തയെ തന്നെ ഇകഴ്ത്തി കാണിക്കാനുള്ള ശ്രമങ്ങളുമുണ്ടായി.

എന്നാൽ അതൊന്നും പൊതുജനങ്ങളുടെ ഇടയിൽ വിലപ്പോയില്ല എന്നാണ് ലോകായുക്തയെ ആശ്രയിക്കുന്നവരുടെ എണ്ണത്തിലുണ്ടായിരിക്കുന്ന വർദ്ധനവ് കാണിക്കുന്നത്. ആ വിശ്വാസ്യത കാത്തുസൂക്ഷിച്ച് മുന്നോട്ടു പോകാൻ ലോകായുക്തയ്ക്ക് കഴിയുമെന്ന പ്രതീക്ഷയോടെ ലോകായുക്ത ദിനാചരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

ലോകായുക്ത ജസ്റ്റിസ് എൻ അനിൽ കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ നിയമ വകുപ്പ് മന്ത്രി പി രാജീവ് മുഖ്യപ്രഭാഷണം നടത്തി. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഓൺലൈനായി പങ്കെടുത്തു. അഡ്വക്കറ്റ് ജനറൽ കെ ഗോപാലകൃഷ്ണ കുറുപ്പ്, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ടി എ ഷാജി, കേരള ലോകായുക്ത അഡ്വക്കറ്റ്സ് ഫോറം അഡ്വ.എൻ എസ് ലാൽ, ട്രിവാൻഡ്രം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ.എസ് എസ് ബാലു തുടങ്ങിയവർ സംസാരിച്ചു.

# ബ്ലൂടൈഗേഴ്സ് കേരള ഫിലിം പ്രൊഡ്യൂസേഴ്സ് പ്രീമിയർ ലീഗ്: കിംഗ് മേക്കേഴ്സ് ജേതാക്കൾ




**കൊച്ചി:** ബ്ലൂടൈഗേഴ്സ് കേരള ഫിലിം പ്രൊഡ്യൂസേഴ്സ് പ്രീമിയർ ലീഗിന്റെ ആറാം സീസണിൽ കിംഗ് മേക്കേഴ്സ് ജേതാക്കൾ. രാജഗിരി കോളജ് ഗ്രൗണ്ടിൽ നടന്ന ഫൈനലിൽ ജോണി ആന്റണി ഐക്കൺ പ്ലയറായ വിഫ്റ്റ് കേരള ഡയറക്ടേഴ്സിനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ജോൺ കൈപ്പിള്ളി ഐക്കൺ പ്ലയറായ കിംഗ് മേക്കേഴ്സ് കപ്പ് സ്വന്തമാക്കിയത്. ആദ്യം ബാറ്റ് ചെയ്ത കേരള ഡയറക്ടേഴ്സ് അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 136 റൺസെടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ കിംഗ് മേക്കേഴ്സ് അഞ്ച് വിക്കറ്റ് ബാക്കി നിൽക്കെ 14ാം ഓവറിൽ ലക്ഷ്യം നേടുകയായിരുന്നു. 31 പന്തിൽ 47 റൺസെടുത്ത നോയൽ ബെന്നാണ് വിജയശില്പി. നാല് സിക്സും രണ്ട് ഫോറും ഉൾപ്പെടുന്നതായിരുന്നു നോയലിന്റെ ഇന്നിങ്സ്. ബെൻ ഒരു വിക്കറ്റും കരസ്ഥമാക്കി. മത്സരത്തിൽ കേരള ഡയറക്ടേഴ്സിന്റെ ഷാൻ തുളസി അർദ്ധ സെഞ്ചറിയും നേടി. അർജുൻ നന്ദകുമാർ ഐക്കൺ പ്ലയറായ കൊച്ചിൻ സൂപ്പർ കിംഗിനെ സെമിയിൽ പരാജയപ്പെടുത്തിയാണ് കിംഗ് മേക്കേഴ്സ് ഫൈനലിൽ എത്തിയത്. രാവിലെ നടന്ന രണ്ടാം സെമിയിൽ ഷെയിൻ നിഗം ഐക്കൺ പ്ലയറായ കൊറിയോഗ്രാഫേഴ്സിനെ തോൽപ്പിച്ചാണ് വിഫ്റ്റ് കേരള ഡയറക്ടേഴ്സ് ഫൈനൽ ഉറപ്പാക്കിയത്. കേരള ഫിലിം പ്രൊഡ്യൂസേഴ്സ് പ്രീമിയർ ലീഗിന്റെ ഭാഗമാകുവാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും കേരളത്തിന്റെ കായികമേഖലയ്ക്ക് വലിയ സംഭാവനകൾ നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ബ്ലൂടൈഗേഴ്സ് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നതും ഭാഗമാകുന്നതെന്നും ബ്ലൂടൈഗേഴ്സ് ഉടമ സുഭാഷ് മാനുവൽ പറഞ്ഞു.

വൈകിട്ട് നടന്ന സമാപന സമ്മേളനത്തിൽ വിജയികൾക്കും മികച്ച താരങ്ങൾക്കുമുള്ള ട്രോഫി നടൻ ബാബു ആന്റണി സമ്മാനിച്ചു.

# വാർഷിക പൊതുയോഗം നടന്നു

കൊച്ചി: കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സിറ്റി സൗത്ത് യൂണിറ്റിന്റെ വാർഷിക പൊതുയോഗവും, മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി യൂണിറ്റിന്റെ പരിധിയിലുള്ള ഹോട്ടലുകളിലെ ജൈവ, അജൈവ മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുവാനുള്ള ബിന്നുകളുടെ വിതരണവും എം.ജി. റോഡിലുള്ള കെ.എച്ച്.ആർ.എ. ഭവനിൽ നടന്നു.

വാർഷിക പൊതുയോഗം സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ ഉദ്ഘാടനം ചെയ്തു. ഹോട്ടലുകളിൽ വയ്ക്കുന്നതിനുള്ള ബിന്നുകളുടെ വിതരണോദ്ഘാടനം ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരനും നിർവ്വഹിച്ചു.

യൂണിറ്റ് പ്രസിഡന്റ് യൂനുസ് അലിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ജില്ലാ സെക്രട്ടറി കെ. ടി. റഹിം, സംസ്ഥാന വൈസ് പ്രസിഡന്റ് അസീസ് മൂസ, ജില്ലാ വൈസ് പ്രസിഡന്റ് ബൈജു പി ഡേവിസ്, സംസ്ഥാനകമ്മിറ്റി അംഗം കെ. പി. നാദിർഷ, യൂണിറ്റ് സെക്രട്ടറി സാന്റോ പാനികുളം, യൂണിറ്റ് ട്രഷറർ സതീഷ് പി എന്നിവർ സംസാരിച്ചു.

# കാസ ഡെ ഗെസ്റ്റോ 2024

**കൊച്ചി;** ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രയുടെ കീഴിൽ പ്രവർത്തിക്കുന്ന ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, തൃപ്പൂണിത്തുറ സംഘടിപ്പിക്കുന്ന 'കാസ ഡെ ഗെസ്റ്റോ 2024' ദേശീയ തല മാനേജ്മെന്റ് ഫെസ്റ്റ് നവംബർ 19 ന് ഭവൻസ് ക്യാമ്പസിൽ നടക്കും. യുജി, പി.ജി വിദ്യാർത്ഥികൾക്ക് മാനേജ്മെന്റ്, നോൺമാനേജ്മെന്റ് ഇവന്റ്സിൽ പങ്കെടുത്ത് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ അവസരമാകും.കൂടുതൽ വിവരങ്ങൾക്കായി ബന്ധപെടുക

+91 7510173789,+91 8075500478 നമ്പറുകളിൽ ബന്ധപ്പെടുക

സൊസൈറ്റി ടുഡേ
SOCIETY TODAY

# ബഹിരാകാശത്തെ ട്രാഫിക് മുതൽ സുനിതവില്യംസിന്റെ ആരോഗ്യം വരെ; കഥപേലെ അറിവുകൾ പകർന്ന് ഐഎസ്ആർഒ ചെയർമാനുമൊത്ത് ശാസ്ത്രസംവാദം

**ആലപ്പുഴ:** ടൈം ട്രാവൽ ചെയ്യാൻ പറ്റുമോ സർ, തമോഗർത്തത്തിന് എക്സിറ്റുണ്ടോ, ലോകാവസാനം ഉണ്ടാകുമോ, സുനിതവില്യംസിന്റെ ആരോഗ്യമൊക്കെ എങ്ങിനെയുണ്ട്, നമ്മുടെ ഭാവികാലം കാണാൻ പറ്റുമോ സർ...സ്പേസിനെക്കുറിച്ച് എന്ത് കഥയാണ് നിങ്ങൾക്കിന്ന് കേൾക്കേണ്ടത് എന്ന് ചോദിച്ചുകൊണ്ട് ഐഎസ്ആർഒ ചെയർമാൻ ഡോ. എസ് സോമനാഥ് ആരംഭിച്ച ശാസ്ത്രസംവാദം കുട്ടികളുടെ അവസാനിക്കാത്ത ചോദ്യങ്ങൾകൊണ്ട് ജിജ്ഞാസയുടെ ആഘോഷമായി മാറി.

സംസ്ഥാനസ്കൂൾ ശാസ്ത്രമേളയോടനുബന്ധിച്ച് പ്രധാനവേദിയായ സെന്റ് ജോസഫ് സ്കൂളിൽ ബഹിരാകാശത്തെ ഇന്ത്യൻ കുതിപ്പ് എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശാസ്ത്രസംവാദമാണ് പ്രപഞ്ചത്തിന്റെ അകപ്പൊരുൾ ലളിതമായി വിശദീകരിക്കുന്ന സംവാദസദസ്സായി മാറിയത്. രാവിലെ 10 മണിക്ക് സംവാദം തുടങ്ങുമ്പോൾ പ്രധാനവേദി കുട്ടികളെക്കൊണ്ട് നിറഞ്ഞിരുന്നു. ശാസ്ത്രതൽപരരായ കുട്ടികൾക്ക് ഐഎസ്ആർഒ തലവനെത്തന്നെ മുന്നിൽകിട്ടിയപ്പോൾ ആവേശമായി. എല്ലാ ചോദ്യങ്ങൾക്കും ലളിതമായി മറുപടി പറഞ്ഞും തമാശകൾ പറഞ്ഞ് രസിപ്പിച്ചും ശാസ്ത്രാധ്യാപകനെപ്പോലെ ഡോ. സോമനാഥും കൂടെക്കൂടി.

ചോദ്യങ്ങൾ ചോദിക്കാൻ ധൈര്യമുണ്ടാവണം, എപ്പോഴും ചോദിച്ചുകൊണ്ടേയിരിക്കണമെന്നും ഡോ. എസ് സോമനാഥ് കുട്ടികളോട് പറഞ്ഞു. മൈക്കൽ ഫാരഡേ പറഞ്ഞെന്ന് പറഞ്ഞാൽ പോലും വിശ്വസിക്കരുത്, അത് സ്വയം കണ്ടുപിടിക്കാൻ ശ്രമിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഐഎസ്ആർഒയിലെ അനുഭവങ്ങളും ജീവിതത്തിൽ പ്രചോദനമായ വ്യക്തികളെക്കുറിച്ചുമൊക്കെ അദ്ദേഹം കുട്ടികളോട് സംസാരിച്ചു.

സ്പോസ് സയൻസിലെ നിർമിത ബുദ്ധിയുടെ ഉപയോഗം, ബഹിരാകാശത്ത് മനുഷ്യൻ നേരിടുന്ന പ്രതിസന്ധികൾ, എ ടി വി ടെസ്റ്റ് ബഡ് എന്താണ്, സ്പേസ് മേഖലയിൽ ഉപയോഗിക്കുന്ന ആധുനിക സാങ്കേതികവിദ്യകൾ എന്തൊക്കെ, ബഹിരാകാശ സാങ്കേതിക വിദ്യയെ കൃഷിക്കും ദുരന്തനിവാരണത്തിനും എങ്ങിനെ ഉപയോഗിക്കുന്നു തുടങ്ങി ഒട്ടേറെ ചോദ്യങ്ങൾ കുട്ടികളിൽ നിന്ന് ഉയർന്നു. റോക്കറ്റിന്റെ എക്സറേ വിശകലനം ചെയ്യാൻ അടക്കം നിർമിത ബുദ്ധി ഉപയോഗിക്കുന്നുണ്ടെന്നും ആർക്കും കണ്ടുപിടിക്കാനാവാത്ത പാസ്വേഡ് ക്വാണ്ടം സാങ്കേതികവിദ്യ ഉപയോഗിച്ച് ഉണ്ടാക്കാമെന്നും പുതിയ കൃഷിസ്ഥലങ്ങൾ കണ്ടെത്തുന്നത് മുതൽ ദുരന്തനിവാരണത്തിന് വരെ ബഹിരാകാശ സാങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ക്വാണ്ടം എന്റ്റാംഗിൾമെന്റ് പരീക്ഷണങ്ങൾ, മൊബൈൽ സിഗ്നൽ സഞ്ചാരം, റീ ഫ്യുവലിങ് സാറ്റലൈറ്റ്, ബഹിരാകാശത്തെ അവശിഷ്ടങ്ങൾ നീക്കൽ, എൻ ജി എൽ വി റോക്കറ്റ്, ടെറാ ഫോമിങ്, മിൽക്കിവേ, ആൻഡ്രോമെട ഗ്യാലക്സികൾ തമ്മിലുള്ള കൂട്ടിയിടി, ആദിത്യ എൽ വൺ ഉപഗ്രഹത്തിന്റെ ദൗത്യം തുടങ്ങിയ ഒട്ടേറെ വിഷയങ്ങൾ ഡോ. സോമനാഥ് കുട്ടികൾക്ക് വിശദീകരിച്ചുകൊടുത്തു.

അഞ്ചാം ക്ലാസുകാരിയായ അന്നാ മറിയം ജോണിന് അറിയേണ്ടിയിരുന്നത് സുനിത വില്യംസ് തിരിച്ചു വരുമ്പോൾ അവർക്ക് ഉണ്ടാകാനിടയുള്ള ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചായിരുന്നു. 25000 ഉപഗ്രഹങ്ങളും ലക്ഷക്കണക്കിന് ഉപ്രഗാവശിഷ്ടങ്ങളും അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ബഹിരാകാശത്ത് ട്രാഫിക് റെഗുലേഷൻ വലിയ ഉത്തരാദിത്തമാണെന്ന് ഒരു ചോദ്യത്തിനുത്തരമായി അദ്ദേഹം പറഞ്ഞു. എസ് ഡി വിയിലെ ശ്രീനന്ദനയ്ക്ക് ഐ എസ് ആർ ഒയിൽ ജോലി ചെയ്യാൻ എന്താണ് വഴിയെന്നാണ് അറിയേണ്ടിയിരുന്നത്. കോവിഡ് കാലത്ത് നിലച്ചുപോയ ഐ എസ് ആർ ഒ ഫീൽഡ് വിസിറ്റ് പുനരാരംഭിക്കാൻ വഴിയുണ്ടോ എന്നായിരുന്നു മറ്റൊരു മിടുക്കിയുടെ അന്വേഷണം. പത്താം ക്ലാസുകാരനായ എൻ കെ നാരായണന് അറിയേണ്ടിയിരുന്നത് പ്രപഞ്ചത്തിന്റെ ഉത്ഭവവും അന്ത്യവുമാണ്. ടൈം ട്രാവൽ സാധ്യമാകുമോ എന്ന ചോദ്യത്തിന് ഭൂതകാലത്തിലേക്ക് പോയി നിരീക്ഷണം സാധിക്കുമെന്ന് ജെയിംസ് വെബ് ടെലിസ്കോപ്പിന്റെ ദൗത്യം ചൂണ്ടിക്കാട്ടി ഡോ. സോമനാഥ് പറഞ്ഞു.

രണ്ട് മണിക്കൂറോളം നീണ്ട സെഷനെടുവിൽ ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഡോ. സോമനാഥിന് നന്ദി പറഞ്ഞു. ലോകത്തിന്റെ വിളക്കും വെളിച്ചവുമായി മാറുന്ന ഐഎസ്ആർഒയുടെ മേധാവിയെ തന്നെ ശാസ്ത്രസംവാദത്തിന് ലഭിച്ചതിൽ വലിയ സന്തോഷമുണ്ടെന്നും കുട്ടികൾക്ക് സെഷൻ വലിയ പ്രചോദനമായി മാറുമെന്നും മന്ത്രി പറഞ്ഞു. മന്ത്രി സജി ചെറിയാനും പി പി ചിത്തരഞ്ജൻ എംഎൽഎയും ചേർന്ന് ഡോ. എസ് സോമനാഥിനെ പൊന്നാട അണിയിച്ചു. ശാസ്ത്രാധ്യാപകൻ എസ്. സത്യജ്യോതി മോഡറേറ്ററായി. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ സി എ സന്തോഷ്, വിദ്യാഭ്യാസ ഉപഡയറക്ടർ ഇ എസ് ശ്രീലത, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. കാർത്തികേയൻ നായർ, റിസപ്ഷൻ കമ്മിറ്റി കൺവീനർ വി അനിത എന്നിവർ പങ്കെടുത്തു.

# സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം ഇന്ന് സമാപിക്കും

**ആലപ്പുഴ:** 56 ാമത് സംസ്ഥാനസ്കൂൾ ശാസ്ത്രോത്സവം ഇന്ന് (നവംബർ 18 തിങ്കൾ) സമാപിക്കും. നവംബർ 15 ന് പ്രധാനവേദിയായ ആലപ്പുഴ സെന്റ് ജോസഫ് ഗേൾസ് എച്ച് എസ് എസിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ശാസ്ത്രോത്സവത്തിന്റെ സമാപന സമ്മേളനം നാലാംദിനമായ തിങ്കളാഴ്ച വൈകിട്ട് നാലിന് ആരംഭിക്കും. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ശാസ്ത്രമേള നഗരത്തിലെ നാലു വേദികളിലാണ് നടക്കുന്നത്.

സെന്റ് ജോസഫ് ഗേൾസ് എച്ച് എസ് എസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന സമാപനസമ്മേളനം ധനകാര്യവകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിക്കും. ഫിഷറീസ്, യുവജനക്ഷേമ, സംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ശാസ്ത്രമേള സമ്മാനദാനവും കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഗണിതശാസ്ത്രമേള സമ്മാനദാനവും നിർവഹിക്കും.

എംഎൽഎമാരായ പി പി ചിത്തരഞ്ജൻ സാമൂഹ്യശാസ്ത്രമേള സമ്മാനദാനവും എച്ച് സലാം ഐടിമേള സമ്മാനദാനവും നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി പ്രവൃത്തിപരിചയമേള സമ്മാനവും നഗരസഭ അധ്യക്ഷ കെ കെ ജയമ്മ വൊക്കേഷണൽ എക്സ്പോ സമ്മാനവും വിതരണം ചെയ്യും. സുവനീർ പ്രകാശനം ജില്ലാ കളക്ടർ അലക്സ് വർഗീസ് നിർവഹിക്കും.

ശാസ്ത്രോത്സവ അവലോകനവും വിജയികളെ പ്രഖ്യാപിക്കലും ശാസ്ത്രമേള ജനറൽ കൺവീനറും പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുമായ സി എ സന്തോഷ് നിർവഹിക്കും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എസ് ശിവപ്രസാദ്, നഗരസഭ വൈസ് ചെയർമാൻ പി എസ് മുഹമ്മദ് ഹുസൈൻ, വിദ്യാഭ്യാസ ഉപഡയറക്ടർ ഇ എസ് ശ്രീലത, മറ്റ് ജനപ്രതിനിധികൾ, വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ആശംസകൾ അർപ്പിക്കും.

ശാസ്ത്രോത്സവത്തോടനുബന്ധിച്ച് ലിയോ തേർട്ടീന്ത് എച്ച് എസ് എസിൽ സംഘടിപ്പിച്ച വൊക്കേഷണൽ എക്സ്പോ ഞായറാഴ്ച വൈകിട്ട് അഞ്ചിന് സമാപിച്ചിരുന്നു.

# വിരമിച്ച റെയിൽവേ ജീവനക്കാർക്ക് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ്; പദ്ധതിക്കു തുടക്കമായി

**കൊല്ലം:** വിരമിച്ച റെയിൽവേ ജീവനക്കാർക്ക് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതിക്കു കൊല്ലത്തു തുടക്കമായി. തിരുവനന്തപുരം റെയിൽവേ ഡിവിഷനിലെ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് 3.0 പദ്ധതിയുടെ ക്യാംപെയ്നാണ് ആരംഭിച്ചത്. ഇതോടെ റെയിൽവേ വകുപ്പിലെ പെൻഷൻകാർക്കും ഇനി വീടുകളിൽ നിന്ന് തന്നെ മൊബൈൽ ആപ്ലിക്കേഷൻ വഴി ലൈഫ് സർട്ടിഫിക്കറ്റ് എടുക്കാൻ സാധിക്കും. എല്ലാ വർഷവും നവംബറിൽ ബാങ്കുകളിലോ മറ്റോ പോയി ലൈഫ് സർട്ടിഫിക്കറ്റ് നൽകേണ്ട നടപടികൾക്കാണ് ഇതോടെ അവസാനമാകുന്നത്. അടുത്ത ദിവസങ്ങളിൽ തൃശൂർ, എറണാകുളം, തിരുവനന്തപുരം, നാഗർകോവിൽ എന്നിവിടങ്ങളിൽ ക്യാംപെയ്ൻ നടക്കും.ആധാർ ഡേറ്റബേസിനെ അടിസ്ഥാനമാക്കി 2014 ൽ ആണ് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് (ജീവൻ പ്രമാൺ) പദ്ധതി ഇന്ത്യയിൽ ആരംഭിക്കുന്നത്. പദ്ധതിയുടെ മൂന്നാം ഘട്ടത്തിലാണ് തിരുവനന്തപുരം റെയിൽവേ ഡിവിഷനിലും നടപ്പിലാകുന്നത്.ഇതിനോടകം രാജ്യത്ത് 80 ലക്ഷത്തോളം കേന്ദ്ര പെൻഷൻകാർ പദ്ധതിയിലൂടെ ഡിജിറ്റൽ സർട്ടിഫിക്കറ്റ് സ്വന്തമാക്കിയിട്ടുണ്ട്. ഈ നവംബർ ഒന്ന് മുതൽ 30 വരെയുള്ള തീയതികളിലായി ഇന്ത്യയിലെ 800 നഗരങ്ങളിൽ പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. ഇനിമുതൽ നവംബർ ഒന്ന് മുതൽ 30 വരെയുള്ള തീയതികളിൽ സ്മാർട്ട് ഫോൺ ഉപയോഗിച്ചു പെൻഷൻകാർക്ക് ലൈഫ് സർട്ടിഫിക്കറ്റ് നേടാം. 80 വയസ്സിന് മുകളിലുള്ള പെൻഷൻകാർക്ക് ഒക്ടോബർ മുതൽ ലൈഫ് സർട്ടിഫിക്കറ്റ് നേടാൻ അവസരമുണ്ട്. പദ്ധതി ജനപ്രിയമാക്കുന്നതിന്റെ ഭാഗമായി റെയിൽവേ ജീവനക്കാർ ഉപഭോക്താക്കളുടെ വീടുകളിൽ പോയി ബോധവൽക്കരണം നടത്തും.

പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷനുകളുടെയും ബാങ്കുകളുടെയും സഹായത്തോടെ എല്ലാ റെയിൽവേ പെൻഷൻകാരെയും പദ്ധതിയിലേക്ക് കൊണ്ടുവരാനാണ് റെയിൽവേ ലക്ഷ്യമിടുന്നത്. ജീവിച്ചിരിപ്പുണ്ട് എന്ന് തെളിയിക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും പെൻഷൻ വാങ്ങുന്നവർ തുക ലഭിക്കുന്നതിനായി ലൈഫ് സർട്ടിഫിക്കറ്റുകൾ നൽകണമായിരുന്നു.ബാങ്കുകളുടെ നേതൃത്വത്തിൽ നടന്നിരുന്ന പദ്ധതി ബാങ്കുകൾക്ക് വലിയ ജോലിഭാരമാണ് നവംബർ മാസങ്ങളിൽ സൃഷ്ടിച്ചിരുന്നത്. വർഷങ്ങൾക്കു മുൻപ് തന്നെ ഓൺലൈൻ രൂപത്തിലേക്ക് മാറിയിരുന്നെങ്കിലും ഉപഭോക്താക്കൾ ബാങ്കുകളിൽ എത്തിയോ അല്ലെങ്കിൽ ബാങ്ക് ജീവനക്കാർ കിടപ്പിലായ പെൻഷൻകാരുടെ വീടുകൾ സന്ദർശിച്ചോ ആയിരുന്നു നിലവിൽ ചെയ്തിരുന്നത്. ഇനി മുതൽ ആർക്കും വീട്ടിലിരുന്ന് സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കും.

## ശബരിമല തീർത്ഥാടനം

# അടിയന്തര വൈദ്യ സഹായത്തിന് 108ന്റെ റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റുകൾ കൂടി

**ശബരിമല:** തീർത്ഥാടനവുമായി ബന്ധപ്പെട്ട് തീർത്ഥാടകർക്ക് അടിയന്തര വൈദ്യ സഹായം ഒരുക്കാൻ ശബരിമല പാതയിൽ കനിവ് 108ന്റെ റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റുകൾ കൂടി വിന്യസിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിന്റേയും കനിവ് 108ന്റേയും ആംബുലൻസുകൾക്ക് പുറമേയാണ് ഈ യൂണിറ്റുകൾ കൂടി സജ്ജമാക്കിയിരിക്കുന്നത്. സുസജ്ജമായ ആശുപത്രികൾക്ക് പുറമേ പമ്പ മുതൽ സന്നിധാനം വരെയും കാനനപാതയിലുമായി ആകെ 19 എമർജൻസി മെഡിക്കൽ സെന്ററുകൾ, ഓക്സിജൻ പാർലറുകൾ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. ഇടുങ്ങിയ പാതകളിൽ സഞ്ചരിക്കാൻ കഴിയുന്ന ബൈക്ക് ഫീഡർ ആംബുലൻസ്, ദുർഘട പാതകളിലൂടെ സഞ്ചരിക്കാൻ കഴിയുന്ന 4x4 റെസ്ക്യൂ വാൻ, ഐസിയു ആംബുലൻസ് എന്നിവയാണ് ശബരിമലയ്ക്കായി സജ്ജമാക്കിയത്. കനിവ് 108 ആംബുലൻസ് പദ്ധതിക്ക് കീഴിൽ പമ്പ ആശുപത്രി കേന്ദ്രമാക്കിയാണ് റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റ് പ്രവർത്തിക്കുന്നത്. തീർത്ഥാടകർക്ക് വൈദ്യസഹായം വേണ്ട സാഹചര്യങ്ങളിൽ 108 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് ബന്ധപ്പെട്ടാൽ ഈ വാഹനങ്ങളുടെ സേവനം ലഭ്യമാകും. ഇത് കൂടാതെ അടിയന്തര വൈദ്യ സഹായത്തിന് 04735 203232 എന്ന നമ്പരിലും വിളിക്കാവുന്നതാണ്.

ഒരു രോഗിയെ കിടത്തികൊണ്ട് പോകാൻ കഴിയുന്ന തരത്തിൽ സജ്ജമാക്കിയ സൈഡ് കാറോടു കൂടിയതാണ് ബൈക്ക് ഫീഡർ ആംബുലൻസ്. രോഗികളെ പരിചരിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഒരു എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ ആയിരിക്കും ഈ വാഹനം നിയന്ത്രിക്കുന്നത്. ദുർഘട പാതകളിൽ അനായാസം സഞ്ചരിക്കാൻ കഴിയുന്ന 4x4 വാഹനത്തിൽ അടിയന്തര വൈദ്യസഹായം നൽകാൻ വേണ്ടിയുള്ള മരുന്നുകളും ഉപകരണങ്ങളും ലഭ്യമാണ്. അപ്പാച്ചിമേട് കേന്ദ്രീകരിച്ച് ആയിരിക്കും ഇത് പ്രവർത്തിക്കുക. രോഗികളെ പരിചരിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഒരു എമർജൻസി മെഡിക്കൽ ടെക്നീഷ്യന്റെ സേവനം ഈ വാഹനത്തിൽ ഉണ്ടായിരിക്കും. പമ്പയിൽ നിന്ന് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരെ വിദഗ്ധ ചികിത്സയ്ക്കായി മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റുന്നതിനായാണ് ഐ.സി.യു ആംബുലൻസ് സജ്ജമാക്കിയിരിക്കുന്നത്. ഡീഫ്രിബിലേറ്റർ, വെന്റിലേറ്റർ സംവിധാനങ്ങൾ ഉൾപ്പടെ അത്യാധുനിക സംവിധാനങ്ങളിളോടെ സജ്ജമാക്കിയ ഈ ആംബുലൻസിലും വൈദ്യസഹായം നൽകാൻ ഒരു എമർജൻസി മെഡിക്കൽ ടെക്നീഷ്യന്റെ സേവനം ലഭ്യമാണ്.



# അരുവിത്തുറ കോളജിൽ കോം ഫിയസ്റ്റ കോമേഴ്സ് ഫെസ്റ്റ്

**അരുവിത്തുറ:** അരുവിത്തുറ സെന്റ് ജോർജ് കോളജ് കൊമേഴ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഹയർസെക്കൻഡറി വിദ്യാർഥികൾക്കായി കൊമേഴ്സ് ഫെസ്റ്റ് 'കോം ഫിയസ്റ്റ 2024' സംഘടിപ്പിച്ചു. കോളജ് മാനേജർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു. പ്ലസ്!വൺ, പ്ലസ്ടു വിദ്യാർഥികൾക്കായി മാനേജ്മെന്റ് ക്വിസ്, ബെസ്റ്റ് മാനേജ്മെന്റ് ടീം, ട്രഷർ ഹണ്ട്, 3:3 ഫുട്ബോൾ, സ്പോട്ട് ഫോട്ടോഗ്രഫി തുടങ്ങി നിരവധി മത്സരങ്ങൾ സംഘടിപ്പിച്ചു. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റും വിജയികൾക്ക് ക്യാഷ് അവാർഡും ട്രോഫികളും സമ്മാനിച്ചു. കോളജ് പ്രിൻസിപ്പൽ പ്രഫ. ഡോ. സിബി ജോസഫ്, വൈസ് പ്രിൻസിപ്പൽ ഡോ.ജിലു ആനി ജോൺ, ബർസാർ ഫാ. ബിജു കുന്നക്കാട്ട്, കൊമേഴ്സ് വിഭാഗം മേധാവി പി.സി. അനീഷ് , വിദ്യാർഥി പ്രതിനിധി സി.എസ്.അശ്വതി തുടങ്ങിയവർ പ്രസംഗിച്ചു.

# രാമൻകുളം കുടിവെള്ള പദ്ധതി: രണ്ടാംഘട്ടം പൂർത്തിയാകുന്നു



**ചെന്ത്രാപ്പിന്നി:** എടത്തിരുത്തി പഞ്ചായത്തിൽ രാമൻകുളം കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തികരണത്തിലേക്ക്. ഇതിന്റെ ഭാഗമായി അയ്യായിരം ലിറ്റർ വീതം സംഭരണ ശേഷിയുള്ള രണ്ട് ടാങ്കുകൾ സ്ഥാപിച്ചു. നേരത്തേയുള്ള പൈപ്പ് ലൈനുകൾക്ക് പുറമേ അര കിലോമീറ്റർ ദൂരത്തിൽ പുതിയ പൈപ്പ് ലൈനുകളും ഉടൻ സ്ഥാപിക്കും. ഇ.ടിടൈസൺ എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് അനുവദിച്ച 72 ലക്ഷം രൂപ ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ഇതിൽ ബാക്കി വന്ന തുകയാണ് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചത്. രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തിലെ അഞ്ച്, ആറ് വാർഡുകളിലേക്ക് വേണ്ടിയാണ് 2023 മേയ് മാസത്തിൽ പദ്ധതി നടപ്പിലാക്കിയത്.

ചെന്ത്രാപ്പിന്നി അലുവ തെരുവിന് സമീപമുള്ള രാമൻകുളത്തിലായിരുന്നു പദ്ധതിയുടെ തുടക്കം. പമ്പിങ് സമയത്ത് മുഴുവൻ ടാപ്പുകളും തുറക്കാതെ വരുമ്പോൾ പൈപ്പുകൾ പൊട്ടുന്നതു പ്രതിസന്ധിയായി. ഇതോടെയാണ് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്.രണ്ടാം ഘട്ട പ്രവർത്തനങ്ങൾ വിലയിരുത്താൻ ഇ.ടി ടൈസൺ എംഎൽഎ പദ്ധതി സ്ഥലം സന്ദർശിച്ചു.അടുത്ത ദിവസം തന്നെ പമ്പിങ് ആരംഭിക്കുമെന്ന് എംഎൽഎ പറഞ്ഞു.പഞ്ചായത്ത് പ്രസിഡന്റ് ടി.കെ. ചന്ദ്രബാബു, വൈസ് പ്രസിഡന്റ് ഷൈലജ രവീന്ദ്രൻ എന്നിവരും ഉണ്ടായിരുന്നു.




# ശബരിമല : കെഎസ്ആർടിസി ആദ്യഘട്ടത്തിൽ 383 ബസുകൾ സർവീസ് നടത്തും

**ശബരിമല:** അയ്യപ്പഭക്തർക്ക് യാത്രാതടസമുണ്ടാകാത്ത രീതിയിൽ സർവീസ് ക്രമീകരിച്ച് കെഎസ്ആർടിസി ആദ്യഘട്ടത്തിൽ 383 ബസും രണ്ടാം ഘട്ടത്തിൽ 550 ബസുകളും സർവീസ് നടത്തുമെന്ന് അധികൃതർ അറിയിച്ചു.

നിലയ്ക്കൽ പമ്പ ചെയിൻ സർവീസ് ഓരോ മിനിറ്റിലും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. തിരക്കനുസരിച്ച് കൂടുതൽ ബസുകൾ ഓടിക്കും. 192 ബസുകളാണ് ചെയിൻ സർവീസിനായി നിലവിൽ പമ്പയിലെത്തിച്ചിട്ടുള്ളത്.

ലോ ഫ്ളോർ എസി, ലോ ഫ്ളോർ നോൺ എസി ബസുകൾ ഉൾപ്പെടെയാണിത്. ശനിയാഴ്ച ആയിരത്തിലധികം ട്രിപ്പുകൾ നിലയ്ക്കൽ പമ്പ റൂട്ടിൽ സർവീസ് നടത്തി.വലിയ വാഹനങ്ങളിലെത്തുന്ന ഭക്തർ നിലയ്ക്കലിൽ പാർക്ക് ചെയ്തശേഷം കെഎസ്ആർടിസി ബസുകളിലാണ് പമ്പയിലെത്തുന്നത്.

നിലയ്ക്കലിലെ കെഎസ്ആർടിസി സ്റ്റാൻഡിൽനിന്ന് വിവിധ പാർക്കിംഗ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് രണ്ട് മിനി ബസുകൾ സർവീസ് നടത്തുന്നുണ്ട്. ദൂരെയുള്ള കേന്ദ്രങ്ങളിൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾക്കരികിലേക്ക് തീർഥാടകർക്ക് എത്തുന്നതിന് ഇത് ഏറെ പ്രയോജനപ്പെടും.

പമ്പയിലെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും നിയന്ത്രണത്തിനുമായി 104 ജീവനക്കാരെ കെഎസ്ആർടിസി നിയോഗിച്ചിട്ടുണ്ട്. ഒരു ബസിന് നാലുപേരെന്ന കണക്കിൽ ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. മൂന്ന് മെയിൻറനൻസ് വാഹനങ്ങളും ആദ്യഘട്ടത്തിലുണ്ട്. അറ്റകുറ്റപ്പണികൾക്കാവശ്യമായ സംവിധാനങ്ങളും ജീവനക്കാരും പമ്പയിൽതന്നെയുണ്ട്. ജീവനക്കാർക്കു വേണ്ടത്ര വിശ്രമം ഉറപ്പുവരുത്താനും ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

നട തുറന്ന് മൂന്നു ദിവസങ്ങൾക്കുള്ളിൽ ഇരുന്നൂറിനടുത്ത് ദീർഘദൂര സർവീസുകളും വിവിധ ഡിപ്പോകളിൽനിന്ന് പമ്പയിലേക്ക് നടത്തി. തിരുവനന്തപുരം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം തുടങ്ങി പ്രധാന കേന്ദ്രങ്ങളിൽനിന്ന് പമ്പയിലേക്ക് ബസ് സർവീസ് ആരംഭിച്ചിട്ടുണ്ട്.

ചെങ്ങന്നൂർ, തിരുവല്ല, കോട്ടയം റെയിൽവേ സ്റ്റേഷനുകളിലെത്തുന്ന തീർഥാടകരെ പമ്പയിലെത്തിക്കുന്നതിന് സ്പെഷൽ സർവീസുകളും ആരംഭിച്ചിട്ടുണ്ട്. തിരക്ക് കൂടുന്നതനുസരിച്ച് കൂടുതൽ സർവീസുകൾ നടത്തുമെന്ന് അധികൃതർ അറിയിച്ചു.

പമ്പയിൽനിന്നു വിവിധ സ്ഥലങ്ങളിലേയ്ക്ക് കെഎസ്ആർടിസി ഓൺലൈൻ മുഖേന ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്ക് 24 മണിക്കൂർ വരെ ബുക്ക് ചെയ്ത അതേ റൂട്ടിൽ സാധുത ഉണ്ടായിരിക്കുന്നതാണ്.

ശബരിമലയിലെ തിരക്ക് കാരണം തീർഥാടകർ ദർശനം കഴിഞ്ഞ് പമ്പയിൽ എത്തുമ്പോൾ, നിശ്ചയിക്കപ്പെട്ട പിക്കപ്പ് സമയം അധികരിക്കുന്ന സാഹചര്യത്തിൽ യാത്രക്കാർക്ക് സമാന ശ്രേണിയിലുള്ള മറ്റൊരു ബസിൽ സീറ്റ് ക്രമീകരിച്ച് നൽകുമെന്ന് കെഎസ്ആർടിസി അധികൃതർ അറിയിച്ചു.

ഇത്തരത്തിൽ ക്രമീകരിച്ച് നൽകുമ്പോൾ ഗ്രൂപ്പായി ബുക്ക് ചെയ്ത യാത്രക്കാരിൽ ഒരുമിച്ച് ബോർഡ് ചെയ്യാത്തവരുടെ ഐഡി കാർഡ് പരിശോധനയ്ക്ക് നൽകേണ്ടതും നേരത്തെ യാത്ര ചെയ്തവർ അല്ല എന്ന് ഉറപ്പുവരുത്തുന്നതുമാണ്.

ശബരിമല തീർഥാടകരുടെ സുഗമമായ ദർശനം സാധ്യമാക്കുന്നതിൽ ദേവസ്വം ബോർഡും പോലീസും ചേർന്നെടുത്ത പതിനെട്ടാം പടിയിലെ പോലീസിൻറെ ഡ്യൂട്ടി സമയം കുറയ്ക്കാനുള്ള തീരുമാനം ഏറെ വിജയകരമായതായി ദേവസം ബോർഡ് പ്രസിഡൻറ് പി.എസ്. പ്രശാന്ത്.

അയ്യപ്പഭക്തർക്ക് ഉള്ള സംതൃപ്തി നിലനിർത്തിക്കൊണ്ടുപോകുന്നതിന് എല്ലാ ശ്രമങ്ങളും നടത്തുമെന്നും അദ്ദേഹം പറഞ്ഞു. പോലീസിൻറെ മേൽനോട്ടം വഹിക്കുന്ന എഡിജിപി എസ്. ശ്രീജിത്തുമായി കൂടിക്കാഴ്ചയ്ക്ക് ശേഷം സംസാരിക്കുകയായിരുന്നു ദേവസ്വം ബോർഡ് പ്രസിഡൻറ്.

പതിനെട്ടാം പടിയിൽ പോലീസിൻറെ ഡ്യൂട്ടി സമയം 20 മിനിറ്റിൽനിന്ന് 15 മിനിറ്റായി കുറച്ചത് കാര്യക്ഷമത വർധിപ്പിച്ചിട്ടുണ്ട്. മിനിറ്റിൽ 80 പേരെ എങ്കിലും കടത്തിവിടാൻ പതിനെട്ടാം പടിയിൽ കഴിയുന്നു. അതിനാൽ ഭക്തർക്ക് ഏറെ നേരം വരി നിൽക്കേണ്ട അവസ്ഥയില്ല. വെർചൽ ക്യൂവഴി ക്രമീകരിച്ചിരിക്കുന്നതിനാൽ പമ്പ മുതലേ തിക്കും തിരക്കുമില്ലാതെ സന്നിധാനത്തെത്താൻ കഴിയുന്നുണ്ട്.

പടിപൂജയ്ക്ക് വേണ്ടി പതിനെട്ടാം പടിക്ക് ഏറെ മുകളിലായി ഹൈഡ്രോളിക് സംവിധാനം ദേവസ്വം ഏർപ്പെടുത്തിയിട്ടുണ്ട്. തന്ത്രിമാരുമായി ആലോചിച്ചതിനുശേഷമാണ് ഇത് സ്ഥാപിച്ചത്. ഇതോടൊപ്പം പതിനെട്ടാം പടിയിൽ സുരക്ഷിതമായും കാര്യക്ഷമമായും പോലീസിന് ജോലി ചെയ്യുന്നതിന് പതിനെട്ടാം പടിയെ ബാധിക്കാത്തവിധം സംവിധാനം ഒരുക്കിയിട്ടുണ്ട്.

# തെറ്റായ ജീവിതശൈലി കാൻസർ വ്യാപനത്തിന് കാരണം: ഡോ. വി.പി. ഗംഗാധരൻ

**ചെങ്ങന്നൂർ:** കേരളത്തിലെ വർധിച്ചുവരുന്ന കാൻസർ കേസുകൾക്ക് പ്രധാന കാരണം തെറ്റായ ജീവിതശൈലിയും ആഹാര ക്രമവുമാണെന്ന് പ്രമുഖ ഓങ്കോളജിസ്റ്റ് ഡോ. വി.പി. ഗംഗാധരൻ. കൊല്ലകടവ് സഞ്ജീവനി മൾട്ടി സ്പെഷാലിറ്റി ഹോസ്പിറ്റലിൽ നടന്ന ഹെൽത്ത് സമ്മിറ്റ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.കേരളത്തിലെ ജനറൽ പ്രാക്ടീഷണർമാർക്ക് ജീവിതശൈലി രോഗങ്ങളുടെ ചികിത്സയും പ്രതിരോധവും ലക്ഷ്യമാക്കി സഞ്ജീവനി ഹോസ്പി



റ്റൽ, ഐഎപി കേരള, ഐഎംഎ എന്നിവ ചേർന്ന് സംഘടിപ്പിച്ച സമ്മിറ്റിൽ പത്തോളം മുതിർന്ന ഡോക്ടർമാർ തങ്ങളുടെ അനുഭവങ്ങളും വിജ്ഞാനവും പങ്കുവച്ചു.സഞ്ജീവനി ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. ഹരികുമാർ, സഞ്ജീവനി ഹോസ്പിറ്റൽ മെഡിക്കൽ ഡയറക്ടർ ഡോ. ദർശന പിള്ള കൈമൾ, ഡോ. ഉമ്മൻ വർഗീസ്, ഡോ. ബാലകൃഷ്ണൻ, ഡോ. റെനി ഗീവർഗീസ്, ഡോ. അരുൺ മാമൻ, ഡോ. ബിനുക്കുട്ടൻ എന്നിവർ സംസാരിച്ചു.




# കൈയും കാലും ബന്ധിച്ച് നീന്തിക്കയറി എബെൻ ജോബി

## ആറാം ക്ലാസ് വിദ്യാർഥി വേൾഡ് വൈഡ് ബുക്ക് ഓഫ് റെക്കോഡിൽ

**കോലഞ്ചേരി:** കൈയും കാലും ബന്ധിച്ച് ഓളപ്പരപ്പിൽ സാഹസിക ദൗത്യത്തിലൂടെ നീന്തിക്കയറിയ ആറാം ക്ലാസുകാരൻ എബെൻ ജോബി കായൽ നീന്തലിൽ പുതിയ സമയവും ദൂരവും കുറിച്ച് വേൾഡ് വൈഡ് ബുക്ക് ഓഫ് റെക്കോർഡിൽ ഇടം നേടി. കടവൂർ മണിപ്പാറ തൊണ്ടാറ്റിൽ വീട്ടിൽ ജോബി എബ്രഹാം-മെറിൻ ജോബി ദമ്പതികളുടെ മൂത്തമകനാണ് എബെൻ ജോബി. ഹെബ്സൻ ജോബി, ജോസസ്സ് ജോബി എന്നിവർ ഇളയ സഹോദരങ്ങളും. കോതമംഗലം വിമലഗിരി പബ്ലിക് സ്കൂൾ ആറാം ക്ലാസ് വിദ്യാർത്ഥിയാണ് 11 കാരൻ എബെൻ ജോബി. ആലപ്പുഴ ജില്ലയിലെ അമ്പലക്കടവിൽ നിന്നും കോട്ടയം ജില്ലയിലെ വൈക്കം ബീച്ച് വരെയുള്ള ഏഴു കിലോമീറ്ററാണ് ഒരു മണിക്കൂർ 23 മിനിറ്റുകൊണ്ട് നീന്തിക്കടന്ന് വേൾഡ് വൈഡ് ബുക്ക് ഓഫ് റെക്കോർഡിൽ ഇടം പിടിച്ചിരിക്കുന്നത്.

ഇരു കൈകാലുകൾ ബന്ധിച്ച് ഏഴു കിലോമീറ്റർ നീന്തിക്കടക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ ആൺകുട്ടി എന്ന ഖ്യാതിയും എബെൻ ജോബിക്ക് സ്വന്തം. കോതമംഗലം ഡോൾഫിൻ അക്വാട്ടിക് ക്ലബ്ബിലെ പരിശീലകൻ ബിജു തങ്കപ്പന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ ആറിലെ കുത്തൊഴുക്കുള്ള ഭാഗത്തുകൂടിയാണ് പരിശീലനം പൂർത്തിയാക്കിയത്. രാവിലെ 8:17 ന് ചേന്നംപള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുധീഷ് നീന്തൽ ഫ്ളാഗ് ഓഫ് ചെയ്തു. ഒരു മണിക്കൂർ 23 മിനിറ്റ് കൊണ്ട് നീന്തൽ വിജയകരമായി പൂർത്തിയാക്കിയ എബെൻ ജോബിയെ വൈക്കം ഡിവൈഎസ്പി സിബിച്ചൻ ജോസഫിന്റെ നേതൃത്വത്തിൽ വൈക്കം ബീച്ചിൽ സ്വീകരിച്ചു.

തുടർന്നു നടത്തിയ അനുമോദന സമ്മേളനം മോൻസ് ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. നഗരസഭാ കൗൺസിലർ ബിന്ദു ഷാജി, എറണാകുളം എക്സൈസ് ഡപ്യൂട്ടി കമ്മിഷണർ ടി.എൻ. മജു, വൈക്കം ഫയർ ആൻഡ് റെസ്ക്യൂ എസ്ടിഒ ടി. പ്രദീപ്കുമാർ, ചെമ്പിൽ അശോകൻ, സി. എൻ. പ്രദീപ്കുമാർ, എ.പി.അൻസൽ, റിട്ട. ക്യാപ്റ്റൻ വിനോദ്കുമാർ എന്നിവർ പ്രസംഗിച്ചു. 20 കുട്ടികളെ ലോക റെക്കോർഡിനു പ്രാപ്തരാക്കിയ കോച്ച് ബിജു തങ്കപ്പൻ, പ്രോഗ്രാം കോ ഓർഡിനേറ്റർ ഷിഹാബ് കെ. സൈനു എന്നിവരെ ആദരിച്ചു.



*കയ്യും കാലും കെട്ടി വേമ്പനാട്ട് കായൽ നീന്തിക്കടന്ന ആറാം ക്ലാസ് വിദ്യാർഥി എബെൻ ജോബിയെ വൈക്കം ഡിവൈഎസ്പി സിബിച്ചൻ ജോസഫ് അഭിനന്ദിക്കുന്നു. കോച്ച് ബിജു തങ്കപ്പൻ, മാതാപിതാക്കളായ ജോബി ഏബ്രഹാം, മെറിൻ ജോബി എന്നിവർ സമീപം.*

# അശോകപുരം ഗ്രൗണ്ട് കൈമാറാൻ ലാൻഡ് ബോർഡ് നിർദേശം വീണ്ടും

**ആലുവ:** ചൂർണിക്കര ഗ്രാമപഞ്ചായത്ത് ലൈഫ് ഭവനപദ്ധതി അപേക്ഷകർക്ക് അശോക ഗ്രൗണ്ട് അനുവദിക്കണമെന്ന നിർദേശം നടപ്പാക്കണമെന്നാവശ്യപ്പെട്ട് ജില്ലാ കളക്ടർക്ക് ലാൻഡ് ബോർഡ് വീണ്ടും കത്തയച്ചു. ലൈഫ് പദ്ധതി ആക്ഷൻ കമ്മിറ്റി കൺവീനർ നാരായണൻ കുട്ടിയുടെ പരാതിയിലാണ് വീണ്ടും നിർദേശം നൽകിയത്.

ആലുവ മൂന്നാർ റോഡിന് സമീപത്തായി സ്ഥിതി ചെയ്യുന്ന അശോക ഗ്രൗണ്ട് ലൈഫ് ഭവന പദ്ധതിയ്ക്കായി വിനിയോഗിക്കണമെന്ന് കഴിഞ്ഞ വർഷം ഒക്ടോബറിൽ ലാൻഡ് ബോർഡ് ആവശ്യപ്പെട്ടതാണ്. ചൂർണിക്കര വില്ലേജിൽ ബ്ലോക്ക്34, സർവെ നമ്പർ 533ൽ സ്ഥിതി ചെയ്യുന്ന അശോക ഗ്രൗണ്ട് വിട്ടുകൊടുക്കാനുള്ള നടപടികൾ റവന്യൂ വകുപ്പ് എടുത്തില്ല.

ഇതിനെതിരെ ആക്ഷൻ കൗൺസിൽ ലാൻഡ് ബോർഡിന് പരാതി നൽകുകയായിരുന്നു. ഭൂരഹിതർക്ക് അടിയന്തിരമായി സ്ഥലം



പതിച്ചു നൽകണമെന്ന നിർദേശമാണ് ലാൻഡ് ബോർഡ് ആവശ്യപ്പെട്ടിരിക്കുന്നത്. ചൂർണിക്കര ഗ്രാമപഞ്ചായത്തിലെ ലൈഫ് പദ്ധതി പട്ടികയിലുള്ള കുടുംബങ്ങളിൽ ഭൂരഹിതരായവർക്കാണ് ഗുണം ലഭിക്കുക.

32 വർഷം മുമ്പ് ചൂർണിക്കര ഗ്രാമപഞ്ചായത്തിലെ മുട്ടം മേഖലയിൽ ദേശീയ പാതയ്ക്ക് വീതി കൂട്ടിയപ്പോൾ വീട് നഷ്ടപ്പെട്ടവരെ പാർപ്പിക്കാൻ അനുവദിച്ച സ്ഥലമാണിത്. അന്ന് വീട് നഷ്ടപ്പെട്ട 104 കുടുംബങ്ങളിൽ 32 കുടുംബങ്ങളെയാണ് അശോകപുരത്ത് പുനരധിവസിപ്പിച്ചത്. ബാക്കി സ്ഥലമാണ് അശോക ഗ്രൗണ്ട് എന്ന പേരിൽ ഒഴിച്ചിട്ടത്. അശോക ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തോട് ചേർന്ന് സ്ഥലം കിടന്നിരുന്നത് കൊണ്ടാണ് ഗ്രൗണ്ടിന ഇതേ പേര് ലഭിച്ചത്. എന്നാൽ ചൂർണിക്കര ഗ്രാമപഞ്ചായത്തിന ഒരേക്കർ അഞ്ച് സെൻറ് വിസ്തൃതിയുള്ള അശോക ഗ്രൗണ്ട് കളി സ്ഥലമായി നിലനിർത്തണമെന്നാണ് താത്പര്യം.മാറി മാറി വരുന്ന സർക്കാരുകൾക്ക് മുന്നിൽ ചൂർണിക്കര പഞ്ചായത്ത് ഈ വിഷയം ഉന്നയിച്ചെങ്കിലും റവന്യൂ വകുപ്പ് മിച്ചഭൂമി വിട്ടു കൊടുക്കാൻ തയാറായില്ല.

ഒന്നര കിലോമീറ്റർ ദൂരത്തിൽ കൊടികുത്തിമലയിൽ 52 സെൻറ് പുറംമ്പോക്ക് ഭൂമി ചൂർണിക്കര ഗ്രാമപഞ്ചായത്തിന് ഉണ്ട്. അത് കളിസ്ഥലമായി ഉപയോഗിക്കുന്നുമുണ്ട്. അതിനാൽ പുനരധിവാസത്തിനായി നീക്കിവച്ച അശോക ഗ്രൗണ്ട് ലൈഫ് അപേക്ഷകർക്ക് അനുവദിക്കണമെന്നാണ് ലൈഫ് ആക്ഷൻ കൗൺസിലിൻറെ ആവശ്യം. അതേ സമയം ലാൻഡ് ബോർഡ് അടിയന്തിര നടപടികൾ ആവശ്യപ്പെട്ടതോടെ അവസാനവട്ട സർവേ നടത്തി സ്ഥലം കൈമാറാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ് ആലുവ താലൂക്ക് ഓഫീസ്. നേരത്തേ നടത്തിയ സർവേ വിലയിരുത്തി റിപ്പോർട്ട് പുതുക്കുമെന്ന് ആക്ഷൻ കൗൺസിലിനെ താലൂക്ക് തഹസിൽദാർ ഡിക്സി ഫ്രാൻസിസ് അറിയിച്ചു.

സർക്കാരിൻറെ 1964 ലെ ഭൂവിനിയോഗ ചട്ട പ്രകാരം 'ഭൂരഹിതർ ഇല്ലാത്ത കേരളം' എന്ന പദ്ധതിയിൻ കീഴിൽ വരുന്ന സ്ഥലമാണ് അശോക ഗ്രൗണ്ട്. അതിനാൽ മറ്റ് പദ്ധതികൾക്ക് കൊടുക്കാനാകില്ലെന്ന് സർക്കാർ പലവട്ടം ചൂർണിക്കര പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.



# റോട്ടറി കൊച്ചിൻ ഇന്റർനാഷണൽ സൈക്ലത്തോൺ സംഘടിപ്പിച്ചു

**കൊച്ചി:** റോഡ് സുരക്ഷയെ കുറിച്ച് അവബോധമുണ്ടാക്കാൻ സൈക്ലത്തോൺ സംഘടിപ്പിച്ചു. റോട്ടറി കൊച്ചിൻ ഇന്റർനാഷണലും ക്ലാസിക് ഹോംസും ചേർന്നാണ് 'റോഡ് സുരക്ഷ, എന്റെ ഉത്തരവാദിത്തം'എന്ന വിഷയത്തിൽ സൈക്ലത്തോൺ നടത്തിയത്.

കളമശേരി ഡെക്കാത്തലോൺ പരിസരത്ത് നിന്ന് ആരംഭിച്ച സൈക്ലത്തോണിൽ 500ഓളം കായിക പ്രേമികൾ പങ്കെടുത്തു. 50 കിലോമീറ്റർ സൈക്ലിംഗ്, 10 കിലോമീറ്റർ മാരത്തോൺ, 5 കിലോമീറ്റർ ഓട്ടം എന്നീ മത്സരങ്ങളാണ് നടന്നത്.

റോട്ടറി നിയുക്ത ഗവർണർ ഡോ. ജി എൻ രമേശ് ഫ്ളാഗ് ഓഫ് നിർവഹിച്ചു. റോട്ടറി കൊച്ചിൻ ഇന്റർനാഷണൽ പ്രസിഡന്റ് റെജി സക്കറിയ, പ്രോഗ്രാം ചെയർമാൻ ചന്ദ്രശേഖരൻ, ക്ലാസിക് ഹോംസ് ഉടമ മാത്യു എന്നിവരുടെ സാന്നിധ്യത്തിൽ കോസ്റ്റൽ സെക്യൂരിറ്റി എഐജി ജി പൂങ്കുഴലി വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

# ജിംനാസ്റ്റിക്സിൽ കരുത്ത് തെളിയിച്ച് എറണാകുളം ജില്ല

**കൊച്ചി:** തിരുവനന്തപുരം ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ വച്ച് നടന്ന 59 ാമത് ഓൾ കേരള ജിംനാസ്റ്റിക് സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിൽ റിഥമിക് ജിംനാസ്റ്റിക്സിൽ കരുത്ത് തെളിയിച്ച് എറണാകുളം ജില്ല. ചാമ്പ്യൻഷിപ്പിൽ റിഥമിക് ജിംനാസ്റ്റിക്സ് സബ് ജൂനിയർ വിഭാഗത്തിൽ 5 സ്വർണ്ണവും 5 വെള്ളിയും അണ്ടർ 10 വിഭാഗത്തിൽ നാല് സ്വർണ്ണവും നാല് വെള്ളിയും 5 വെങ്കലവും എറണാകുളം ജില്ല നേടി . എറണാകുളം ജില്ലക്ക് വേണ്ടി സബ്ജൂനിയർ വിഭാഗത്തിൽ വിശ്രുത വിനോദ് നാല് സ്വർണ്ണവും ഒരു വെള്ളിയും കരസ്ഥമാക്കിയപ്പോൾ അതിത്രി അരുൺ പിള്ള ഒരു സ്വർണ്ണവും രണ്ടു വെള്ളിയും കരസ്ഥമാക്കി. ശ്രുതി മഹാദേവും അബിഗെയിൽ തോമസും ഓരോ വെള്ളി വീതം കരസ്ഥമാക്കി. അണ്ടർ 10 വിഭാഗത്തിൽ ദിയാന ഡെയിൽ 4 സ്വർണ്ണവും , കൃപ സമീപൻ നാല് വെള്ളിയും അഗ്നിശിവ അജു നാല് വെങ്കലവും, ആദിക മറിയ പോൾ ഒരു വെങ്കലവും കരസ്ഥമാക്കി.

# മാതൃകാ നിയമസഭ സംഘടിപ്പിക്കും

**തിരുവനന്തപുരം:** കേരള നിയമസഭ 2025 ജനുവരി 7 മുതൽ 13 വരെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവം 3ാം പതിപ്പിന്റെ പ്രചാരണത്തിന്റെ ഭാഗമായി 2024 ഡിസംബർ 10ന് ഗവൺമെന്റ് സെക്രട്ടേറിയറ്റിലുള്ള പഴയ നിയമസഭാ മന്ദിരത്തിൽ കോളേജ് വിദ്യാർഥിനികൾക്കായി മാതൃകാ നിയമസഭ സംഘടിപ്പിക്കും.

തിരുവനന്തപുരം ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്വാശ്രയസ്വകാര്യ കോളേജുകളിലെ ബിരുദ /ബിരുദാനന്തര ബിരുദ വിദ്യാർഥിനികളെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കുന്ന പ്രസ്തുത പരിപാടിയിൽ ഒരു കോളേജിൽ നിന്നും 5 കുട്ടികൾക്ക് പങ്കെടുക്കാം. വിശദാംശങ്ങൾക്കും രജിസ്ട്രേഷനുമായി www.klibf.niyamasabha.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ട അവസാന തീയതി നവംബർ 28.

# ഇന്ത്യക്കാരിൽ പ്രമേഹം വർധിക്കുന്നതായി പഠനം

**കൊച്ചി:** ലോക പ്രമേഹ ദിനത്തിൽ ക്യാമ്പയിനുമായി ദി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. പ്രമേഹത്തെക്കുറിച്ച് ആഗോള അവബോധം വളർത്തുന്നതിനാണ് എല്ലാ വർഷവും ലോക പ്രമേഹ ദിനം ആചരിക്കുന്നത്. ലോകത്തിന്റെ പ്രമേഹ തലസ്ഥാനം എന്നറിയപ്പെടുന്ന ഇന്ത്യ വലിയ വെല്ലുവിളിയെ അഭിമുഖീകരിക്കുന്നുണ്ടെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടി. 101 ദശലക്ഷം ഇന്ത്യക്കാർക്ക് പ്രമേഹമുണ്ടെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് അടുത്തിടെ നടത്തിയ ഒരു പഠനത്തിൽ വെളിപ്പെടുത്തിയിരുന്നു. രക്തത്തിലെ പഞ്ചസാരയുടെ അളവ് സന്തുലിതമായി നിലനിർത്താൻ സഹായിക്കുന്ന പോഷകങ്ങളായ പ്രോട്ടീൻ, അപൂരിത കൊഴുപ്പുകൾ, ഡയറ്ററി ഫൈബർ എന്നിവയുൾപ്പെടെ 15 അവശ്യ പോഷകങ്ങൾ അടങ്ങിയ ബദാം പോലുള്ള പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ ഉൾപ്പെടുത്തി ഭക്ഷണ ക്രമത്തിൽ മാറ്റം വരുത്തണമെന്ന ഉപദേശവുമായിട്ടാണ് ക്യാമ്പയിൻ നടക്കുന്നത്

# ഭീതിയിൽ കുരുമുളക് കർഷകർ



**കൊച്ചി:** കുരുമുളക് ഉത്പാദനം സംബന്ധിച്ച് ഊതിവീർപ്പിച്ച കണക്കുകളുമായി ഇന്ത്യൻ സംഘം ശ്രീലങ്കയിൽ, അന്താരാഷ്ട്ര കുരുമുളക് സമൂഹം കൊളംബോയിൽ ഇന്ന് ഒത്തുചേരും. രാജ്യാന്തര കൊക്കോ വിലയിൽ മുന്നേറ്റം. ഒസാക്കയിൽ റബർ സ്ഥിരത കൈവരിക്കാനുള്ള ശ്രമത്തിൽ. മില്ലുകാർ കൊപ്രയ്ക്കായി പരക്കം പായുന്നു. സ്വർണത്തിലെ വിലയിടിവ് തുടരുന്നു.

ഇന്ത്യയിൽ കുരുമുളക് ഉത്പാദനം അടുത്ത സീസണിൽ ഉയരുമെന്ന സ്പൈസസ് ബോർഡിൻറെ ടാസ്ക് ഫോഴ്സ് വിലയിരുത്തൽ ഇന്ന് ശ്രീലങ്കയിൽ തുടങ്ങുന്ന ഐപിസി യോഗത്തിൽ വ്യക്തമാക്കുമെന്നാണ് സൂചന. രാജ്യത്ത് വിളയുന്ന കുരുമുളകിൻറെ അളവിനെക്കുറിച്ച് വേണ്ട വിധം പഠനം നടത്താതെ ഊതിവീർപ്പിച്ച കണക്കുകളാകും നാലു ദിവസം നീളുന്ന അന്താരാഷ്ട്ര കുരുമുളക് സമൂഹത്തിൻറെ എക്സിബിഷനിൽ ഇന്ത്യൻ സംഘം പുറത്തുവിടുകയെന്ന ആശങ്കയിലാണ് കാർഷിക മേഖല.

ഇതര ഉത്പാദക, കയറ്റുമതി രാജ്യങ്ങളിൽനിന്നും ഇറക്കുമതി രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ സംബന്ധിക്കുന്ന വേദിയിൽ കർഷക താൽപര്യങ്ങൾക്ക് വിരുദ്ധമായ കണക്കുകൾ പുറത്തുവന്നാൽ തിരിച്ചടിയാവുമോയെന്ന ഭീതിലാണ് ഉത്പാദകർ.

കേരളം, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ ഒരു വർഷം എത്ര ടൺ കുരുമുളക് വിളയുമെന്ന കാര്യത്തിൽ വ്യക്തമായ പഠനം നടത്തിയിട്ടില്ല. നമ്മുടെ ഉത്പാദനത്തേക്കാൾ ഉപഭോഗം കൂടുതലെന്ന കണക്കുകൾ ഇറക്കുമതി ലോബിക്ക് കുടപിടിക്കാനെന്ന് വ്യക്തം. അടുത്ത വിളവിനെയും ബഫർ സ്റ്റോക്കിനെയും പറ്റി വേണ്ടത്ര പഠിക്കാതെ കണക്കുകൾ നിരത്തുന്നവർക്ക് ഒറ്റ ലക്ഷ്യമേയുള്ളു, വിലമെച്ചപ്പെടുന്നതിനു തുരങ്കംവയ്ക്കുക.

ഉയർന്ന പകൽ താപനില മൂലം അടുത്ത സീസണിൽ ദക്ഷിണേന്ത്യയിൽ വിളവ് ചുരുങ്ങുമെന്നാണ് കർഷകരുടെ വിലയിരുത്തൽ. തോട്ടങ്ങളിൽ തന്നെ ഊണും ഉറക്കവുമായി കഴിയുന്ന കർഷകരേക്കാൾ മികച്ച വിലയിരുത്തൽ കൃഷിയുമായി പുലബന്ധം പോലുമില്ലാത്തവർ നടത്തിയതിനു പിന്നിൽ വിപണി തകർക്കുകയെന്ന ലക്ഷ്യമാണെന്ന് കാർഷിക മേഖല വിലയിരുത്തുന്നു. പൊള്ളയായ കണക്കുകൾ പുറത്തുവരുന്നത് വില ഇടിക്കുമെന്ന കണക്ക് കൂട്ടലിൽ ആഭ്യന്തര വാങ്ങലുകാർ പിന്നിട്ടവാരം ചരക്ക് സംഭരണത്തിൽ ഉത്സാഹം കാണിച്ചില്ല. അന്താരാഷ്ട്ര മാർക്കറ്റിൽ മലബാർ കുരുമുളക് വില ടണ്ണിന് 7900 ഡോളർ. കൊച്ചിയിൽ ഗാർബിൾഡ് കുരുമുളക് 66,000 രൂപയിൽ നിന്നും 65,200 രൂപയായി. യൂറോപ്യൻ യൂണിയൻ കൊക്കോ ഇറക്കുമതിക്ക് നിയന്ത്രണം വരുത്തുമെന്ന സൂചനകൾ ഊഹക്കച്ചവടക്കാരെ അവധി വ്യാപാരത്തിൽ ഷോർട്ട് കവറിംഗിനു പ്രേരിപ്പിച്ചു.

ന്യൂയോർക്കിൽ കൊക്കോ ആറു മാസത്തിലെ ഏറ്റവും ഉയർന്ന നിരക്കായ 8776 ഡോളറിലേക്ക് കയറി. വിദേശത്തെ വിലക്കയറ്റം കണ്ട് ആഭ്യന്തര ചോക്ലേറ്റ് വ്യവസായികൾ ചരക്ക് സംഭരണത്തിലേക്ക് ശ്രദ്ധതിരിച്ചു. മാസത്തിൻറെ ആദ്യപകുതിയിൽ രംഗത്ത് കാര്യമായ ഉത്സാഹം കാണിക്കാഞ്ഞ അവർ വാരാന്ത്യം വിപണിയുടെ ചലനങ്ങൾ നിരീക്ഷിക്കുകയാണ്.

ആഭ്യന്തര വിദേശ ഡിമാൻഡിൽ ഏലക്ക ഈ വർഷത്തെ ഏറ്റവും ഉയർന്ന വില ദർശിച്ചു. ഉത്തരേന്ത്യൻ ആവശ്യക്കാർക്ക് ഒപ്പം കയറ്റുമതിക്കാരും വിപണിയിലുണ്ട്. ഗ്വാട്ടിമലയിൽ ഉത്പാദനം ചുരുങ്ങുമെന്ന വിലയിരുത്തൽ കണക്കിലെടുത്താൽ യൂറോപ്പിൽ നിന്നും കൂടുതൽ ആവശ്യക്കാർ ഏലത്തിനായി എത്താം. ഗൾഫ് ഓർഡറുകൾ മുൻനിർത്തി എക്സ്പോർട്ടർമാർ ഏലക്ക സംഭരിക്കുന്നുണ്ട്. മികച്ചയിനങ്ങളുടെ വില കിലോ 3380 ലേക്ക് ഉയർന്നപ്പോൾ ശരാശരി ഇനങ്ങൾ 2899 രൂപയായി.

# ഹൈഡ്രജൻ ട്രെയിൻ വരുന്നു




**ന്യൂഡൽഹി:** ഈ വരുന്ന ഡിസംബറിൽ ഇന്ത്യൻ റെയിൽവേ രാജ്യത്തെ ആദ്യത്തെ ഹൈഡ്രജൻ ട്രെയിനിൻറെ പരീക്ഷണ ഓട്ടം നടത്തും. പ്രകൃതിക്ക് കൂടുതൽ ദോഷം വരാത്ത തരത്തിലുള്ള ഗതാഗത മാർഗങ്ങൾ സ്വീകരിക്കുന്നതിൻറെ ആദ്യ പടിയായി ഹൈഡ്രജൻ ട്രെയിനുകൾ രാജ്യത്തെത്തുന്നത്.

ഹരിയാനയിലെ ജിൻഡ്സോനാപത് റൂട്ടിലാണ് ആദ്യത്തെ ഹൈഡ്രജൻ ട്രെയിൻ ഓടുക. 90 കിലോമീറ്റർ ദൂരം മണിക്കൂറിൽ 140 കിലോമീറ്റർ വേഗതയിൽ ഓടി തീർക്കും. 2030 ഓടെ കാർബൺ പുറംതള്ളൽ പൂർണമായും ഇല്ലാത്ത ഇന്ത്യൻ റെയിൽവേയെന്ന ലക്ഷ്യം പൂർത്തിയാക്കുന്നതിനുള്ള ചുവടുവയ്പ്പാണിത്. തമിഴ്നാട്ടിലെ പെരമ്പൂർ ഇൻറഗ്രൽ ഫാക്ടറിയിലാണ് ഇതിൻറെ നിർമാണം നടക്കുന്നത്. പരീക്ഷണയോട്ടം വിജയകരമായാൽ 35 എണ്ണം കൂടി നിർമിക്കാനാണ് പദ്ധതി. ഓരോ ട്രെയിനിനും 80 കോടി രൂപയാകും.


ഹൈഡ്രജൻ നിർമിക്കുന്നതിനായി തീവണ്ടിയുടെ എൻജിന് മുകളിലായി 40000 ലിറ്റർ വരെ ജലം ഉൾക്കൊള്ളുന്ന ടാങ്ക് സ്ഥാപിക്കും. ടാങ്കിനോട് ചേർന്നുള്ള ഉപകരണത്തിലൂടെ അന്തരീക്ഷവായുവിൽ നിന്നും ശേഖരിക്കുന്ന ഓക്സിജനുമായി ഹൈഡ്രജൻ സംയോജിപ്പിച്ച് വൈദ്യുതി ഉത്പാദിപ്പിക്കും. വൈദ്യുതി ഉപയോഗം കൂടുതലാകുന്ന പക്ഷം ശേഖരിക്കുന്നതിനായി ലിഥിയം ബാറ്ററിയുമുണ്ട്. ഓരോ ഹൈഡ്രജൻ ടാങ്കിനും 1000 കിലോമീറ്ററോളം യാത്ര ചെയ്യാനുള്ള ഊർജം നൽകാനാകും. മണിക്കൂറിൽ 140 കിലോമീറ്റർ വേഗത കൈ വരിക്കാനാകും. ജർമനി, സ്വീഡൻ, ചൈന എന്നിവിടങ്ങളിൽ ഹൈഡ്രജൻ തീവണ്ടികൾ നേരത്തേ മുതൽ സർവീസ് നടത്തുന്നുണ്ട്.

ഹൈഡ്രജൻ ഫ്യുവൽ സെല്ലുകളിലാണു ട്രെയിൻ പ്രവർത്തിക്കുക. ഇതിനുള്ളിൽ ഹൈഡ്രജനും ഓക്സിജനും രാസസംയോജനം നടത്തി വൈദ്യുതി ഉൽപാദിപ്പിക്കും. ഈ വൈദ്യുതിയിലാണു ട്രെയിൻ ഓടുക.

വെള്ളവും നീരാവിയുമാണ് ഈ പ്രവർത്തനത്തിൻറെ അവശിഷ്ടം. ആവശ്യത്തിലധികം ഊർജം ഉത്പാദിപ്പിച്ചാൽ അതു ട്രെയിനിലുള്ള പ്രത്യേക ലിഥിയം ബാറ്ററിയിൽ ശേഖരിക്കും.

അന്തരീക്ഷത്തെ മലിനമാക്കുന്ന കാർബൺ ഡൈഓക്സൈഡ്, നൈട്രജൻ ഓക്സൈഡ് എന്നിവയുടെ പുറംതള്ളൽ ഇല്ലാതാകും.ശബ്ദത്തിൻറെ അളവ് 60 ശതമാനത്തിൽ താഴെയാക്കാൻ ഇവയ്ക്കു സാധിക്കും.

# ബെർജിസ് ദേശായിയുടെ മർഡർ അറ്റ് ദി റേസ്കോഴ്സ് പ്രകാശനം ചെയ്തു



**മുംബൈ:** പ്രശസ്ത അഭിഭാഷകനും എഴുത്തുകാരനുമായ ബെർജിസ് ദേശായിയുടെ ഏറ്റവും പുതിയ ക്രൈം ത്രില്ലർ നോവൽ മർഡർ അറ്റ് ദി റേസ്കോഴ്സ് പുറത്തിറങ്ങി. നിരൂപക പ്രശംസ നേടിയ അദ്ദേഹത്തിന്റെ മുൻകാല കൃതികളായ ദോസ് പാർസീസ്, ദി ബാവാജി, ടവേഴ്സ് ഓഫ് സൈലൻസ് തുടങ്ങിയവയ്ക്ക് ശേഷം വായനക്കാരിൽ ആകാംക്ഷ സൃഷ്ടിക്കുന്ന ദുരൂഹത നിറഞ്ഞ നോവലാണിതെന്ന് വിലയിരുത്തപ്പെടുന്നു.

നിമിഷങ്ങൾക്കുള്ളിൽ ഭാഗ്യം ലഭിച്ചേക്കാവുന്ന റേസ്കോഴ്സിന്റെ ആവേശകരമായ പശ്ചാത്തലത്തിൽ ഒരുക്കിയ മർഡർ അറ്റ് ദി റേസ്കോഴ്സ് ഒരു കുപ്രസിദ്ധ പരിശീലകൻ നടത്തുന്ന കൊലപാതകത്തെ ചുറ്റിപ്പറ്റിയാണ് വികസിക്കുന്നത്. കുതിരപ്പന്തയം വേഗതയും നൈപുണ്യവും മാത്രമല്ല, അഭിനിവേശവും വഞ്ചനയും അത്യാഗ്രഹവും നിറഞ്ഞ ഒരു ലോകമാണെന്നും അവ തുറന്നുകാട്ടാനാണ് താൻ ശ്രമിക്കുന്നതെന്നും ബെർജിസ് ദേശായി പറഞ്ഞു.

സവിശേഷമായ രചനാശൈലിക്ക് പേരുകേട്ട ദേശായി തന്റെ അഭിഭാഷകരംഗത്തെ അനുഭവങ്ങളും വൈദഗ്ധ്യവും സാഹിത്യമികവും സമന്വയിപ്പിച്ചാണ് പുതിയ നോവൽ എഴുതിയിരിക്കുന്നത്.. മർഡർ അറ്റ് ദി റേസ്കോഴ്സ് ആമസോൺ ഉൾപ്പെടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാണ്.



# സൺഗ്ലാസ് രംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ റേ ബാൻ ചെയ്ഞ്ച്

**കൊച്ചി:** പ്രമുഖ സൺഗ്ലാസ് കമ്പനി റേ ബാൻ അത്യാധുനിക സാങ്കേതികവിദ്യയും സ്റ്റൈലും ഒരുമിച്ചുചേരുന്ന റേബാൻ ണ്ണ ചേഞ്ച് വിപണിയിലിറക്കി. ട്രാൻസിഷൻസ്ണ്ണ അവതരിപ്പിക്കുന്ന കമ്പനിയുടെ ഏറ്റവും പുതിയ ഉൽപ്പന്നമായ റേബാൻ ണ്ണ ചേഞ്ച് വ്യത്യസ്ത വെളിച്ചങ്ങളിൽ അതനുസരിച്ചുള്ള കളർ ടോൺ ക്രമീകരിക്കുന്നു. ഇതിന്റെ ഫ്രെയിം ഇൻഡോറിലും ഔട്ട്ഡോറിലും ആവശ്യമായ മാറ്റം വാഗ്ദാനം ചെയ്യുക വഴി ഉപഭോക്താക്കൾക്ക് അതുല്യമായ കാഴ്ചയും സ്റ്റൈലും ഉറപ്പാക്കുന്നു.

സെല്ലുലോസ് അസറ്റേറ്റിന്റെ പരമ്പരാഗത രൂപം ഈ നൂതന കണ്ടുപിടുത്തവുമായി സംയോജിപ്പിച്ചുകൊണ്ട്, റേബാൻ ചേഞ്ച് വെളിച്ചത്തിനനുസരിച്ച് പ്രവർത്തിക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്നു. ട്രാൻസിഷൻസ് ഫോട്ടോക്രോമിക് ഡൈകൾ ഉപയോഗിച്ചാണ് ഫ്രെയിമിന്റെ സവിശേഷ നിറങ്ങളും പാറ്റേണുകളും സൃഷ്ടിച്ചിരിക്കുന്നത്. എട്ട് വ്യത്യസ്ത നിറങ്ങളിൽ ലഭ്യമാകുന്ന സൺഗ്ലാസുകൾ ഏത് വെളിച്ചത്തിലും ആകർഷകമായ നിറങ്ങൾ വാഗ്ദാനം ചെയ്യുന്നു.

വിപ്ലവകരമായ മാറ്റങ്ങൾക്കുള്ള സാധ്യതയും നവീന സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തിക്കൊണ്ട്, റേബാൻ ചേഞ്ച് എന്ന ലൈറ്റ്റെസ്പോൺസീവ് ഫ്രെയിമുകളിലൂടെ ഏറ്റവും നവീനമായ സൺഗ്ലാസ് ഉപയോഗിക്കാനുള്ള അവസരം സൃഷ്ടിക്കുകയാണെന്ന് എസ്സിലോർ ലക്സോട്ടിക്ക ചീഫ് മാർക്കറ്റിംഗ് ഫീസർ ഫെഡറിക്കോ ബഫ പറയുന്നു. പ്രമുഖ ഒപ്റ്റിക്കൽ സ്റ്റോറുകളിലും rayban.com/India വെബ്സൈറ്റിലും ഉൽപ്പന്നം ലഭ്യമാണ്

# ബാങ്കിംഗ്, നിക്ഷേപ സമിറ്റ് നാളെ




**കൊച്ചി:** ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ബാങ്കിംഗ്, നിക്ഷേപ സമിറ്റ് നവംബർ 19ന് കൊച്ചിയിൽ നടക്കും. ധനം ബിസിനസ് മീഡിയയുടെ അഭിമുഖ്യത്തിൽ നടക്കുന്ന ഏഴാമത് ബിഎഫ്എസ്ഐ സമിറ്റിൽ ആർ ബി ഐ എക്സിക്യൂട്ടിവ് ഡയറക്റ്റർ ജെ കെ ഡാഷ് മുഖ്യാതിഥിയായി സംബന്ധിക്കും. വൈകീട്ട് നടക്കുന്ന അവാർഡ് ദാനചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ബാങ്കിംഗ്, ഇൻഷുറൻസ് രംഗത്ത് മികവ് തെളിയിച്ചവർക്കുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്യും. കൊച്ചി ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ രാവിലെ 9.30 മുതൽ രാത്രി 9.30 വരെ നീളുന്ന സമിറ്റിലും അവാർഡ് ദാന ചടങ്ങിലുമായി ബാങ്കിംഗ്, ഇൻഷുറൻസ്, ഇൻവെസ്റ്റ്മെന്റ് രംഗത്തെ 20 ഓളം പ്രമുഖർ പ്രഭാഷണം നടത്തും.

സമ്പത്ത് സൃഷ്ടിക്കാനുള്ള വഴികളും ബാങ്കിംഗ് രംഗത്തെ മാറ്റങ്ങളും ഫിൻടെക് രംഗത്തെ സാധ്യതകളുമെല്ലാം സമിറ്റിൽ ചർച്ച ചെയ്യും.

ആർബിഐ മുൻ എക്സിക്യൂട്ടിവ് ഡയറക്റ്ററും ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് ഇൻഡിപെൻഡന്റ് ഡയറക്റ്ററുമായ ഗണേഷ് കുമാർ, ഫെഡറൽ ബാങ്ക് എംഡിയും സിഇഒയുമായ കെവിഎസ് മണിയൻ, ആർബിഐ മുൻ സിജിഎമ്മും ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ചെയർമാനുമായ പി ആർ രവി മോഹൻ, മുത്തൂറ്റ് ഫിനാൻസ് എംഡി ജോർജ് അലക്സാണ്ടർ മുത്തൂറ്റ്, മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി പി നന്ദകുമാർ, എച്ച്ഡി എഫ് സി മുൻ സിഐഒ പ്രശാന്ത് ജെയ്ൻ, ഇക്വിറ്റി ഇന്റലിജൻസ് സ്ഥാപകനും സിഇഒയുമായ പൊറിഞ്ചു വെളിയത്ത്, എൻഎസ്ഇയുടെ ഇൻവെസ്റ്റർ റിലേഷൻഷിപ്പ് മേധാവി രോഹിത് മന്ദോത്ര, ഐഡിബിഐ കാപ്പിറ്റലിന്റെ മുൻ റിസർച്ച് മേധാവിയും ഇൻവെസ്റ്റ്മെന്റ് സ്പെഷലിസ്റ്റുമായ എ കെ പ്രഭാകർ, അക്യുമെൻ കാപ്പിറ്റൽ മാർക്കറ്റ് എംഡി അക്ഷയ് അഗർവാൾ, ഡിബിഎഫ്എസ് എംഡി പ്രിൻസ് ജോർജ്, ജിയോജിത് ഫിനാൻഷ്യൽ സർവീസസ് അസോസിയേറ്റ് ഡയറക്റ്റർ രഞ്ജിത് ആർ ജി, ഇൻഫോടെക്കിൽ ഡോക്ടറേറ്റ് നേടിയ പത്തു വയസ്സ് മാത്രമുള്ള 'സൂപ്പർകിഡ്' ഡോ. സ്വയം സോധ തുടങ്ങിയവരാണ് പ്രഭാഷകരായെത്തുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 400ഓളം പേർ സമിറ്റിൽ സംബന്ധിക്കും.




**കേരള മാനേജ്മെന്റ് അസോസിയേഷൻ യൂത്ത് അറ്റ് ലെവൽ നെക്സ്റ്റ് എംപവറിംഗ് യംഗ് മാനേജേഴ്സ് സെഷനിലെ ഇൻസ്പെയർ സീരിസിൽ ബ്രിഡ്ജ് വേ ഗ്രൂപ്പ് മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, ഇന്ത്യ ഗ്രൂപ്പ് സി ഇ ഒ ജാബർ അബ്ദുൽ വഹാബ് സംസാരിക്കുന്നു. കെ എം എ വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ്, പ്രസിഡന്റ് ബിബു പുന്നൂരാൻ, ട്രഷറർ ദിലീപ് നാരായണൻ എന്നിവർ സമീപം**

# ബിസിനസിൽ ശ്രദ്ധിക്കുമ്പോഴും നീതി പ്രധാനം: ജാബർ അബ്ദുൽ വഹാബ്

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ യൂത്ത് അറ്റ് ലെവൽ നെക്സ്റ്റ് എംപവറിംഗ് യംഗ് മാനേജേഴ്സ് സെഷനിലെ ഇൻസ്പെയർ സീരിസിൽ ബ്രിഡ്ജ് വേ ഗ്രൂപ്പ് മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, ഇന്ത്യ ഗ്രൂപ്പ് സി ഇ ഒ ജാബർ അബ്ദുൽ വഹാബ് സംസാരിച്ചു. കുടുംബ ബിസിനസിന്റെ പരിണാമം ആഗോളവികാസത്തിലേക്കുള്ള യാത്ര എന്ന വിഷയത്തിലായിരുന്നു അദ്ദേഹം സംസാരിച്ചത്.

ബിസിനസ് രംഗത്ത് മികച്ച ശ്രദ്ധ നൽകുമ്പോഴും നീതി ഏറ്റവും പ്രധാനമാണെന്ന് അദ്ദേഹം പറഞ്ഞു. ചടുലമായ വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ക്ഷമയോടെ മികച്ച കേൾവിക്കാരനാവുകയും ചെയ്യണമെന്നും അദ്ദേഹം തന്റെ അനുഭവങ്ങളിലൂടെ വിശദമാക്കി. മൂല്യവത്തായ പ്രവർത്തനങ്ങളാണ് ലാഭത്തിലേക്ക് നയിക്കുകയെന്നും ജാബർ അബ്ദുൽ വഹാബ് പറഞ്ഞു.

ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ കമ്പനികൾ പ്രവർത്തിക്കുമ്പോൾ ഓരോയിടവും ശ്രദ്ധിക്കുകയെന്നത് നേരത്തെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നുവെങ്കിലും കോവിഡാനന്തരം ആ പ്രതിസന്ധി മാറിക്കിട്ടുകയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. എല്ലാവരും വീഡിയോ കോളിലും ഓൺലൈൻ മീറ്റിംഗുകളിലേക്കും മാനസികമായി തയ്യാറെടുത്തതോടെ പഴയതിനേക്കാൾ എളുപ്പത്തിൽ സ്ഥാപനങ്ങൾ നിയന്ത്രിക്കാൻ സാധിക്കുന്ന തലത്തിലേക്ക് കാര്യങ്ങളെത്തി. ഇങ്ങനെയൊരു മാറ്റം വളരെ പെട്ടെന്ന് സാധ്യമായതിന് ലോകം കോവിഡിനോടാണ് നന്ദി പറയേണ്ടതെന്നും അദ്ദേഹം വിശദമാക്കി. തന്നെ പോലുള്ളവർ രണ്ടാം തലമുറ ബിസിനസുകാരല്ലെന്നും ബിസിനസുകാരുടെ ഒന്നര തലമുറക്കാരാണെന്നും അദ്ദേഹം വ്യക്തമാക്കി. തന്റെ പിതാവ് ആദ്യം ബിസിനസിലും പിന്നീട് സാമൂഹ്യ പ്രവർത്തനങ്ങളിലും രാഷ്ട്രീയത്തിലേക്കും തിരിഞ്ഞതോടെ പാതി വഴിയിൽ നിന്നാണ് ഈ രംഗം ഏറ്റെടുത്തതെന്നും ജാബർ അബ്ദുൽ വഹാബ് പറഞ്ഞു. സമയവും സാഹചര്യവും അനുവദിക്കുകയാണെങ്കിൽ ബിസിനസിന് പിന്നാലെ സാമൂഹ്യ പ്രവർത്തനം തന്റേയും ലക്ഷ്യമാണെന്നും അദ്ദേഹം പറഞ്ഞു. കെ എം എ ന്യൂസ് ലെറ്റർ ചടങ്ങിൽ പ്രകാശനം ചെയ്തു. കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. കെ എം എ വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് സ്വാഗതവും ട്രഷറർ ദിലീപ് നാരായണൻ നന്ദിയും പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ലുലു ബ്യൂട്ടി ഫെസ്റ്റ് 2024

## 28 മുതൽ ഡിസംബർ 8 വരെ കൊച്ചി ലുലു മാളിൽ

**കൊച്ചി :** ലുലു ഹൈപ്പർമാർക്കറ്റിൻറെ നേതൃത്വത്തിൽ'ലുലു ബ്യൂട്ടി ഫെസ്റ്റ്' ഈ നവംബർ 28 മുതൽ ഡിസംബർ 8 വരെ ലുലു മാളിൽ നടക്കും.ബ്യൂട്ടി ഫെസ്റ്റിനു തിരഞ്ഞെടുക്കുന്ന മത്സരാർത്ഥികളുടെ ലൈവ് ഗ്രൂമിങ് സെഷനും, ലൈവ് മേക്കോവറും, സ്റ്റൈലിങ്ങും നടക്കും. ഇതിൽ നിന്നും ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കും. ഈ വേദിയിൽ ലുലു ബ്യൂട്ടീ ക്വീൻ, ലുലു ബ്യൂട്ടി മാൻ എന്നിവരെ തിരഞ്ഞെടുക്കും.ലൈവ് ഗ്രൂമിങ്ങും മേക്കോവറും തൽസമയംകാണുന്ന വിധത്തിലാണ് ബ്യൂട്ടി ഫെസ്റ്റ് ഒരുക്കിയിരിക്കുന്നത്. പതിനെട്ടിനും മുപ്പതു വയസ്സിനും ഇടയിൽ പ്രായമുള്ളവർക്ക് ലുലു ബ്യൂട്ടി ഫെസ്റ്റിൽ പങ്കെടുക്കാവുന്നതാണ്. കൊച്ചി ലുലു മാളിലെത്തി നേരിട്ടു രജിസ്റ്റർ ചെയ്യുകയോ, ൦൦൦.ഹൗഹൗയലമഹ്യേളലൈ.ശി എന്ന വെബ് സൈറ്റിലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയോ ചെയ്യാം. കൂടാതെ 8848001379 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി നവംബർ 28 ആണ്.വിജയികൾക്ക് നാലു ലക്ഷത്തോളം രൂപയുടെ ക്യാഷ് അവാർഡുകൾ ലഭിക്കും.ലുലു ബ്യൂട്ടി ഫെസ്റ്റിന്റെ ലോഗോ പ്രകാശനം അപർണ ദാസ് നിർവഹിച്ചു.ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, ലുലു സെൻട്രൽ ബയ്യിങ് റഫീഖ് അബ്ദുൽ കരീം, കൊച്ചി ലുലു മാൾ ജനറൽ മാനേജർ വിഷ്ണു രഘുനാഥ് എന്നിവർ പങ്കെടുത്തു. പോൻഡ്സ് , ട്രെസ്സമെ എന്നീ പ്രമുഖ ബ്രാൻഡുകൾ അവതരിപ്പിക്കുന്ന ലുലു ബ്യൂട്ടി ഫെസ്റ്റ് 2024 എഡിഷൻ സ്പോൺസർ ചെയ്തിരിക്കുന്നത് ഫിയാമ, യാർഡ്‌ലി , എൻചാൻറ്റർ, ഡർമാഫിക് എന്നീ ബ്രാൻഡുകളാണ്.

സൗന്ദര്യ മത്സര ആരാധകർക്കും, മത്സരാർത്ഥികൾക്കും ഒരേപോലെ ആവേശം പകർന്നുകൊണ്ട്, മികച്ച ബ്യൂട്ടി പ്രോഡക്ടുകൾക്ക് ലുലു ഹൈപ്പർമാർക്കെറ്റിൽ 50 % വരെ ഡിസ്‌കൗണ്ട് ലഭിക്കും. ലുലു നിവിയ ബ്യൂട്ടി ക്വീൻ, ലുലു റോയൽ മിറാജ് മാൻ ഓഫ് ദി ഇയർ എന്നീ ടൈറ്റിൽ വിജയികളേയും, മറ്റു വിജയികളേയും കാത്തിരിക്കുന്നത് നാലു ലക്ഷത്തോളം ക്യാഷ് പ്രൈസാണ്. ഈ ദിവസങ്ങളിൽ സൗന്ദര്യ ഉത്പന്നങ്ങൾ ഡിസ്‌കൗണ്ട്ഡ് തുകയ്ക്കു ലഭിക്കും

# ഐസിഐസിഐ പ്രു ഗ്യാരണ്ടീഡ് പെൻഷൻ പദ്ധതി അവതരിപ്പിച്ചു

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് തങ്ങളുടെ റെഗുലർ പേ അന്യൂറ്റി പദ്ധതിയായ ഐസിഐസിഐ പ്രു ഗ്യാരണ്ടീഡ് പെൻഷൻ പ്ലാൻ ഫ്‌ളെക്‌സി അവതരിപ്പിച്ചു. അന്യൂറ്റി പേ ഔട്ടിൽ അഞ്ചു ശതമാനം വർധനവിന് അവസരം ഒരുക്കുന്നതാണ് ഈ സവിശേഷതയെന്നും റിട്ടയർ ചെയ്ത വ്യക്തികൾക്ക് പണപ്പെരുപ്പത്തെ കൈകാര്യം ചെയ്യാൻ ഇതു സഹായകമാകുമെന്നും ഐസിഐസിഐ പ്രു ഗ്യാരണ്ടീഡ് പെൻഷൻ പ്ലാൻ ഫ്‌ളെക്‌സിയിൽ അവതരിപ്പിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പണപ്പെരുപ്പം കാലാകാലങ്ങളിൽ തങ്ങളുടെ വാങ്ങൽ ശേഷിയെ ചുരുക്കുമ്പോഴും ജീവിത നിലവാരം നിലനിർത്താൻ ഉപഭോക്താക്കളെ സഹായിക്കുന്നതാണ് ഐസിഐസിഐ പ്രു ഗ്യാരണ്ടീഡ് പെൻഷൻ പ്ലാൻ ഫ്‌ളെക്‌സിയുടെ വരുമാനം വർധിക്കുന്ന സവിശേഷത.റിട്ടയർ ചെയ്ത വ്യക്തികൾക്ക് ഉറപ്പായ സ്ഥിര വരുമാനം ലഭ്യമാക്കാനാണ് അന്യൂറ്റി പദ്ധതികളെന്ന് അമിത് പാൽട്ട പറഞ്ഞു. വ്യക്തികളെ പ്രത്യേകിച്ച് റിട്ടയർ ചെയ്തവരുടെ ജീവിത നിലവാരത്തെ പണപ്പെരുപ്പം ബാധിക്കുന്നതായി തങ്ങൾ മനസിലാക്കുന്നു. അവർക്ക് കാലാകാലങ്ങളിലുള്ള ശമ്പള വർധനവും ലഭിക്കുന്നില്ല. ഈ വെല്ലുവിളി മറികടക്കുന്നതിനായി തങ്ങൾ വരുമാനം വർധിക്കുന്ന സവിശേഷത അവതരിപ്പിച്ചിരിക്കുകയാണ്. ഈ മേഖലയിൽ ഇതാദ്യമായാണ് ഇത്തരത്തിൽ ഒരു സവിശേഷത തങ്ങളുടെ റഗുലർ പ്രീമിയം പെയ്മെൻറ് അന്യൂറ്റി പദ്ധതിയായ ഐസിഐസിഐ പ്രു ഗ്യാരണ്ടീഡ് പെൻഷൻ പ്ലാൻ ഫ്‌ളെക്‌സിയിൽ അവതരിപ്പിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.




# അമൃത റീജനറൈറ്റീവ് പെയിൻ മെഡിസിൻ ആന്റ് വെൽനസ് ക്ലിനിക്ക് തുറന്നു




**കൊച്ചി:** മനുഷ്യരാശിയുടെ പ്രാരംഭ കാലം മുതൽ വേദന ആശങ്ക സൃഷ്ടിക്കുന്ന ഒന്നാണെന്നും ദേശീയ ആരോഗ്യ നയം അതുകൊണ്ടാണ് പാലിയേറ്റീവ് കെയറിന് പ്രാധാന്യം നൽകുന്നത് എന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു.

അമൃത റീജനറൈറ്റീവ് പെയിൻ മെഡിസിൻ & വെൽനസ് ക്ലിനിക്കിന്റെയും സപ്പോർട്ട് ഗ്രൂപ്പിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു ഗവർണർ.കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടന്ന ചടങ്ങിൽ ഡോക്ടർമാരുടെ തുടർ മെഡിക്കൽ വിദ്യാഭ്യാസ പദ്ധതിയായ അമൃത ആന്വൽ റിവ്യൂ ഇൻ പാലിയേറ്റീവ് മെഡിസിൻ പ്രോഗ്രാമിന്റെയും പെയിൻ ആന്റ് പാലിയേറ്റിവ് രോഗികൾക്കായുള്ള സപ്പോർട്ട് ഗ്രൂപ്പിന്റെയും ഉദ്ഘാടനവും ഗവർണർ നിർവഹിച്ചു.കേരളത്തിലെ മുതിർന്ന വ്യക്തികളുടെയും ജനിതകരോഗങ്ങളുള്ള ആളുകളുടെയും എണ്ണം വളരെയധികം വർദ്ധിച്ചു വരികയാണെന്നും അദ്ദേഹം പറഞ്ഞു.സ്വാമി അനഘാമൃതാനന്ദ പുരി, സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. പ്രതാപൻ നായർ, അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ.കെ വി ബീന, സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. അജോയ് മേനോൻ, മെഡിക്കൽ ഓങ്കോളജി വിഭാഗം പ്രൊഫസർ ഡോ. വെസ്‌ലി എം ജോസ്, പെയിൻ ആന്റ് പാലിയേറ്റീവ് മെഡിസിൻ വിഭാഗം മേധാവി ഡോ. ശോഭാ നായർ എന്നിവരും സംസാരിച്ചു.കൊച്ചി അമൃത ആശുപത്രിയിലെ പെയിൻ ആൻഡ് പാലിയേറ്റീവ് മെഡിസിൻ വിഭാഗത്തിന്റെ കീഴിലാണ് റീജനറൈറ്റീവ് പെയിൻ മെഡിസിൻ & വെൽനസ് ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്